# കേരള കാർഷിക സർവ്വകലാശാല

# 13 – ാമതും 14 – ാമതും അക്കൗണ്ട്സ് കമ്മിറ്റിയുടെ 2003 – 04 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള അന്തിമ റിപ്പോർട്ട്

# കേരള കാർഷിക സർവ്വകലാശാല

13 – ാമതും 14 – ാമതും
അക്കൗണ്ട്സ് കമ്മിറ്റിയുടെ
2003 – 04 വർഷത്തെ
ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള
അന്തിമ റിപ്പോർട്ട്

നമ്പർ: എസ്.എ.ഐ.എ/3379/13

# കേരള കാർഷിക സർവ്വകലാശാല

## XIII-ാമതും XIV-ാമതും അക്കൗണ്ട്സ് കമ്മിറ്റിയുടെ 2003-04 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള അന്തിമ റിപ്പോർട്ട്

കേരള കാർഷിക സർവ്വകലാശാലയുടെ പരമാധികാര സഭയായ ജനറൽ കൗൺസിലിന്റെ 25-04-2009-ൽ കൂടിയ പ്രത്യേക യോഗം താഴെ പറയുന്ന മെമ്പർമാരെ ഉൾപ്പെടുത്തികൊണ്ട് XIII-ാമത് അക്കൗണ്ട്സ് കമ്മിറ്റി രൂപീകരിച്ചു.

| | | |
|---|---|---|
| 1) | ശ്രീ. സി. കെ. പി. പത്മനാഭൻ എം. എൽ. എ. | അദ്ധ്യക്ഷൻ |
| 2) | ശ്രീ. പള്ളിപ്രം ബാലൻ എം. എൽ. എ. | മെമ്പർ |
| 3) | ശ്രീ. സാജുപോൾ എം. എൽ. എ. | മെമ്പർ |
| 4) | ശ്രീ. തോമസ് ചാഴിക്കാടൻ എം. എൽ. എ. | മെമ്പർ |
| 5) | ശ്രീ. സത്യൻ മൊകേരി | മെമ്പർ |
| 6) | ശ്രീ. ആർ. ഹേലി | മെമ്പർ |
| 7) | ഡോ. ടി. പ്രദീപ്കുമാർ | മെമ്പർ |
| 8) | ശ്രീ. എ. ഷാ | മെമ്പർ |
| 9) | ശ്രീ. എം. എസ്. പുഷ്പകുമാർ | മെമ്പർ |
| 10) | ശ്രീ. വി. ബി. ചന്ദ്രൻ | മെമ്പർ |
| 11) | കംപ്ട്രോളർ | കൺവീനർ |

XIII-ാമത് അക്കൗണ്ട്സ് കമ്മിറ്റി 2002-03-ലെ ഓഡിറ്റ് റിപ്പോർട്ട് 8-ാമത് യോഗത്തോടെ പൂർത്തീകരിക്കുകയും പിന്നീട് 2003-04, 2004-05 വർഷങ്ങളിലെ റിപ്പോർട്ടുകൾ ഭാഗികമായി പരിശോധിക്കുകയും പ്രസ്തുത യോഗങ്ങളുടെ വിശദവിവരം താഴെ ചേർത്തിരിക്കുകയും ചെയ്യുന്നു.

| മീറ്റിങ്ങ് | തീയതി | സ്ഥലം |
|---|---|---|
| 9 | 17-01-2011 | സഹകരണ ബാങ്കിങ്ങ് കോളേജ്, വെള്ളാനിക്കര |
| 10 | 02-02-2011 | ” |
| 11 | 14-03-2011 | ” |

19 -01-2013-ൽ കൂടിയ ജനറൽ കൗൺസിലിന്റെ പ്രത്യേക യോഗം താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി കൊണ്ട് XIV-ാമത് അക്കൗണ്ട്സ് കമ്മിറ്റി രൂപീകരിച്ചു.

| | | |
|---|---|---|
| 1) | ഡോ. എസ്. ദേവനേശൻ | അദ്ധ്യക്ഷൻ |
| 2) | ശ്രീ. പി. എ. മാധവൻ എം. എൽ. എ. | മെമ്പർ |
| 3) | പ്രൊഫ. സി. രവീന്ദ്രനാഥ്, എം. എ. എ. | മെമ്പർ |
| 4) | ശ്രീ. വി. വി. മുരളീധരൻ, എം. എൽ. എ. | മെമ്പർ |
| 5) | ഡോ. വി. എം. അബ്ദുൾ ഹക്കിം | മെമ്പർ |
| 6) | ഡോ. മേരി റജീന. എഫ് | മെമ്പർ |
| 7) | ഡോ. ജിജു. പി. അലക്സ് | മെമ്പർ |
| 8) | ശ്രീ. കെ. ഗിരീന്ദ്രബാബു | മെമ്പർ |
| 9) | ശ്രീ. വി. എസ്. സത്യശീലൻ | മെമ്പർ |
| 10) | ശ്രീ. എം. എൻ. മോഹനൻ | മെമ്പർ |
| 11) | കംപ്ട്രോളർ | കൺവീനർ |

.........2

## 2003– 2004

## (പാർട്ട് - I)

ഖണ്ഡിക 1 :

ഖണ്ഡിക 2 (i) : (ഫിനാൻസ് & അപ്രോപ്രിയേഷൻ)

2 (ii) : (വ്യത്യാസം ശരിയാക്കുന്നത് സംബന്ധിച്ച്)

ഓഡിറ്റിൽ പറഞ്ഞ കാര്യങ്ങളെല്ലാം പിന്നീട് ശരിയാക്കിയിട്ടുണ്ട്. തുടർ നടപടി ആവശ്യമില്ല. (21.5.2014)

ഖണ്ഡിക 2 (ii) : (a) : വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്

സർവ്വകലാശാലയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി പല നടപടികൾ എടുത്തിട്ടുണ്ടെന്നും പലതിനും സദ്ഫലങ്ങൾ കണ്ടു തുടങ്ങിയിട്ടുണ്ടെന്നും കംപ്ട്രോളർ പറഞ്ഞു.

മേൽ നടപടി ആവശ്യമില്ല. (21.5.2014)

ഖണ്ഡിക 2 (II) : (b) : ചിലവുകൾക്ക് ജനറൽ കൗൺസിലിന്റെ അംഗീകാരം വാങ്ങുന്നത്.

അധികം വന്ന ചിലവുകൾക്ക് തുടർന്നു വരുന്ന വാർഷിക ജനറൽ കൗൺസിലിന്റെ അംഗീകാരം ലഭിക്കാറുണ്ട്. എതിർപ്പ് പിൻവലിച്ചു. (21.5.2014)

ഖണ്ഡിക 2 (iii) : (ആവശ്യമായ അനുബന്ധ രജിസ്റ്ററുകൾ സൂക്ഷിച്ചില്ല.)

നിയമാനുസൃതമായി വേണ്ടതായ രജിസ്റ്ററുകളെല്ലാം സൂക്ഷിക്കാൻ വേണ്ട നിർദ്ദേശം കാലാകാലങ്ങളിൽ നൽകാറുണ്ടെന്നറിയിച്ചതിന്റെ അടിസ്ഥാനത്തിൽ എതിർപ്പ് പിൻവലിച്ചു. (21.5.2014)

ഖണ്ഡിക 2 (iv) – (വാർഷിക കണക്കുകൾ സംബന്ധിച്ച്.)

വിശദീകരണം അംഗീകരിച്ചു. എതിർപ്പ് പിൻവലിച്ചു. (21.5.2014)

ഖണ്ഡിക 3 (g): (വരവു വെക്കാത്ത തുക)

വിശദീകരണം അംഗീകരിച്ച് എതിർപ്പ് പിൻവലിച്ചു. (21.5.2014)

ഖണ്ഡിക 3 (h) :(വകമാറ്റൽ)

ഖണ്ഡിക 12 (d) യുടെ തീരുമാനം ബാധകമാണ്

XIII-ാമത് അക്കൗണ്ട്സ് കമ്മിറ്റി 2003-04-ലെ ഓഡിറ്റ് റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിൻമേൽ 17 -01-2011, 02-02-2011, 14-03-2011 എന്നീ തീയതികളിലായി കൂടിയ 9 മുതൽ 11 വരെയുള്ള യോഗ തീരുമാനങ്ങൾ 28-02-2013-നു കൂടിയ XIV-ാമത് അക്കൗണ്ട്സ് കമ്മിറ്റി ചർച്ച ചെയ്യുകയും അംഗീകരിക്കുകയും ചെയ്തു. 2003-04 വർഷങ്ങളിലെ റിപ്പോർട്ടുകൾ പൂർത്തിയാക്കിയതിനു പുറമെ 2005-06, 2006-07 എന്നീ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളും ഭാഗികമായി പരിശോധിച്ചിരുന്നു.

കൺവീനർ ആയി ഡോ.ജോയ് മാത്യുവും പ്രത്യേക ക്ഷണിതാവായി ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം ജോയിന്റ് ഡയറക്ടറും സന്നിഹിതരായിരുന്നു.

| ക്രമ നമ്പർ | തീയതി | സ്ഥലം | പ്രത്യേക ക്ഷണിതാവ് |
|---|---|---|---|
| 1) | 28-02-2013 | സഹകരണ ബാങ്കിങ്ങ് കോളേജ് വെള്ളാനിക്കര | ശ്രീ. കെ.നാരായണൻകുട്ടി |
| 2) | 10-04-2013 | കാർഷിക കോളേജ്, പടന്നക്കാട് | ശ്രീ. കെ.ഡി. വർഗീസ് |
| 3) | 7-10-2013 | കാർഷിക കോളേജ്, വെള്ളായണി | ശ്രീ. നാരായണൻകുട്ടി |
| 4) | 7-11-2013 | പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം, കുമരകം | ശ്രീ. വി. സുരേഷ് ബാബു. |
| 5) | 29-11-2013 | സഹകരണ ബാങ്കിങ്ങ് കോളേജ്, വെള്ളാനിക്കര | " " |
| 6) | 20-12-2013 | കാർഷിക ഗവേഷണ കേന്ദ്രം, തിരുവല്ല. | " " |
| 7) | 13-01-2014 | സഹകരണ ബാങ്കിങ്ങ് കോളേജ്, വെള്ളാനിക്കര | " " |
| 8) | 12-02-2014 | " " | " " |
| 9) | 25-04-2014 | " " | ശ്രീ. കെ. യു. ചേക്കുട്ടി (ജോയിന്റ്ഡയറക്ടർക്കു വേണ്ടി) |
| 10) | 21-05-2014 | " " | ശ്രീ. വി. സുരേഷ്ബാബു |
| 11) | 12-06-2014 | " " | " " |

ഓരോ യോഗത്തിനും മുന്നോടിയായി ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗവും സർവ്വകലാശാല സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് വിഭാഗവും ചേർന്ന് സ്ഥാപനങ്ങൾ സന്ദർശിച്ച് റിപ്പോർട്ടിലെ പരാമർശങ്ങൾക്ക് നൽകാനുള്ള വിശദീകരണവും തെളിവിനായി വേണ്ട രേഖകളും വിശദമായി പരിശോധിച്ചതിനു ശേഷം കമ്മിറ്റി അംഗങ്ങൾക്ക് നൽകാനുള്ള മറുപടി രൂപപ്പെടുത്തുകയും ആയവ അംഗങ്ങൾക്ക് യോഗത്തിനു മുമ്പേ അയച്ചു കൊടുക്കുകയും ചെയ്തിരുന്നു.

ആയവയുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുകയുണ്ടായി.

1) കാർഷിക സർവ്വകലാശാലയുടെ വിവിധ സ്ഥാപനങ്ങളിലുള്ള ഉപയോഗശൂന്യമായ വസ്തുക്കൾ അടിയന്തിരമായി ലേലം ചെയ്ത് സർവ്വകലാശാലക്ക് മുതൽകൂട്ടേണ്ടതാണ്.

........3

2) വിവിധ ധനകാര്യ ഏജൻസികൾക്ക് പദ്ധതികൾ സമർപ്പിക്കുമ്പോൾ ഇൻസ്റ്റിറ്റ്യൂഷണൽ/ഓവർഹെഡ് ചാർജ് ഇനത്തിൽ 20% വകയിരുത്തേണ്ടതാണ്.

3) അഡ്വാൻസുകൾ ആവശ്യം കഴിഞ്ഞ ഉടനെ തന്നെ അഡ്ജസ്റ്റ് ചെയ്യേണ്ടതും ഇക്കാര്യത്തിൽ കേരള ഫിനാൻഷ്യൽ കോഡിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതുമാണ്.

4) ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി സമയബന്ധിതമായി നൽകേണ്ടതും വ്യക്തിപരമായി പരാമർശിച്ചിട്ടുള്ള ബാധ്യതകൾ അടിയന്തിരമായി പരിഹരിക്കേണ്ടതുമാണ്.

5) ക്ഷാമബത്ത/ശമ്പള കുടിശ്ശിക എന്നിവയിൽ നിന്നും ആദായ നികുതി കുറക്കുവാൻ പാടില്ല.

••••••••••••••••••••••••••••••••••••••••••••••••••••••••••••

2003–04 റിപ്പോർട്ട് പരിശോധന നടത്തിയ യോഗ തീയതി അതാത് ഖണ്ഡികയ്ക്കു നേരെ ചേർത്തിരിക്കുന്നു.

ഒപ്പ്
ഡോ. ജോയ് മാത്യു
(കംപ്ട്രോളർ & കൺവീനർ)

ഒപ്പ്
ഡോ. എസ്. ദേവനേശൻ
(ചെയർമാൻ)

ഖണ്ഡിക 3 (F) : (വകമാറ്റൽ)

2003 - 2004 ന്റെ ഖണ്ഡിക 12 (d) യുടെ തീരുമാനം ബാധകമാണ്. (21/05/2014)

ഖണ്ഡിക 8 (b) : ഫാമിലി ബെനിഫിറ്റ് സ്കീം - വകമാറ്റി.

ഖണ്ഡിക 12 (d) യുടെ തീരുമാനം ബാധകമാണ് (21.5.2014)

ഖണ്ഡിക 11 (C) : (തൊഴിലാളി വെൽഫെയർ ഫണ്ട് പദ്ധതിയിലേക്ക് തുക അധികം നൽകി.)

ഖണ്ഡിക 12 (d) (വെൽഫെയർ ഫണ്ട്. അധിക തുക അക്കൗണ്ടിലേക്ക് നൽകി.)

2001 - 2002 മുതൽ 3 വർഷം തുടർച്ചയായി സർക്കാർ 44 കോടി രൂപ മാത്രമെ പദ്ധതിയേതര ധന സഹായമായി നൽകിയുള്ളൂ. മാത്രമല്ല തൊട്ടടുത്ത വർഷം ധനസഹായം വെട്ടിക്കുറക്കുകയും ചെയ്തു. ഈ വർഷങ്ങളിൽ ക്ഷാമബത്ത, പെൻഷൻ ശമ്പള പരിഷ്ക്കരണം എന്നിവക്ക് വേണ്ടതായ അധിക ധനസഹായം സർവ്വകലാശാലക്ക് ലഭിച്ചിരുന്നില്ല.

സർക്കാരിന്റെ അകമഴിഞ്ഞ സഹായം ലഭിച്ചെങ്കിൽ മാത്രമേ സർവ്വകലാശാലക്ക് സുഗമമായി മുന്നോട്ട് പോകാൻ കഴിയുകയുള്ളൂ എന്ന് സർവ്വകലാശാലാ ഫിനാൻസ് വിഭാഗത്തിനുവേണ്ടി ഹാജരായ ഉദ്യോഗസ്ഥർ കമ്മിറ്റിയെ അറിയിച്ചു.

വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ മുകളിലെ 3 പരാമർശങ്ങളും കമ്മിറ്റി ഒഴിവാക്കി. (21.5.2014)

ഖണ്ഡിക 13: (എച്ച്. എഫ്. എസ്. - വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയില്ല.)

ഹൗസിങ്ങ് ഫിനാൻസ് പദ്ധതിയിലെ എല്ലാ അക്കൗണ്ടുകളും ക്ലോസ്ചെയ്തുവെന്നും ബാക്കി നിൽക്കുന്ന ഓരാളുടെ തുക ഗ്രാറ്റ്യൂറ്റിയിൽ നിന്നും ഈടാക്കിയിട്ടുണ്ടെന്നും അറിയിച്ചു.

എതിർപ്പ് പിൻവലിച്ചു (21.5.2014)

ഖണ്ഡിക 14: ഭവന, കംപ്യൂട്ടർ, മോട്ടോർ സൈക്കിൾ വായ്പകൾ - സമാഹൃത റിപ്പോർട്ട് തയ്യാറാക്കിയില്ല.

മേൽ സൂചിപ്പിച്ച വായ്പകളുടെയെല്ലാം ഗുണഭോക്താക്കളുടെ പ്രത്യേകം അക്കൗണ്ടുകൾ സൂക്ഷിക്കാറുണ്ടെന്നും സമാഹൃത പട്ടിക തയ്യാറാക്കുന്നത് പതിവില്ലെന്നും അറിയിച്ചു. ഇപ്പോൾ, മേൽ പ്രസ്താവിച്ച ഇനങ്ങൾക്കൊന്നും സർവ്വകലാശാല വായ്പ നൽകാത്തതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ കമ്മിറ്റി തീരുമാനിച്ചു. (21.5.2014)

ഖണ്ഡിക 15 (a) : (കണക്കിലെ വ്യത്യാസം)

ഓഡിറ്റ് റിപ്പോർട്ടിൽ കാണിച്ച കണക്കുകളിൽ ഒരു തുക വരവു വെച്ചതിന്റെയും ഒരു തുക പിൻവലിച്ചതിന്റെയും കണക്ക് വന്നിട്ടില്ലാത്തതാണ് വ്യത്യാസം വരാൻ കാരണം. മേൽ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ എതിർപ്പ് പിൻവലിച്ചു. (21.5.2014)

ഖണ്ഡിക 16 (പെൻഷൻ കോൺട്രിബ്യൂഷൻ - സർക്കാർ ഓഹരി കിട്ടാനുള്ളത്)

സർക്കാരിൽ നിന്നു പിരിഞ്ഞു കിട്ടാനുള്ള 23,45,752 രൂപയിൽ 12,27,372 രൂപയൊഴികെ ബാക്കി സംഖ്യ ലഭ്യമായിട്ടുണ്ട്. 19/11/2009 ലെ സർക്കാർ ഉത്തരവ് നമ്പർ 517/09 പ്രകാരം പെൻഷൻ കോൺട്രിബ്യൂഷൻ പരസ്പരം നൽകുന്നത് ഒഴിവാക്കിയിട്ടുണ്ടെന്ന് അറിയിച്ചു.

മറുപടി അംഗീകരിച്ചു. എതിർപ്പ് പിൻവലിച്ചു, (21.5.2014)

## പാർട്ട് – II

ഖണ്ഡിക - 3 : (ഐ. സി. എ. ആറിൽ നിന്നുള്ള ഗ്രാന്റ് വ്യത്യാസം.)

ഖണ്ഡിക - 4 : (മറ്റു ബാഹ്യസഹായ ഏജൻസികളിൽ നിന്നുള്ള ധനസഹായം - വ്യത്യാസം)

വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ രണ്ടു ഖണ്ഡികകളിൻ മേലുള്ള തുടർ നടപടി ഒഴിവാക്കി. (21.5.2014)

### ഡയറക്ടറേറ്റ് ഓഫ് ഫിസിക്കൽ പ്ലാന്റ്

ഖണ്ഡിക : 7 (പാർട്ട് – II) സർക്കാരിലേക്ക് നൽകാനുള്ള തുകകളുടെ കണക്ക് സൂക്ഷിച്ചില്ല.

ബന്ധപ്പെട്ട എല്ലാ രജിസ്റ്ററുകളും സൂക്ഷിക്കാറുണ്ടെന്നും സർക്കാരിനു നൽകാനുള്ള തുകകൾ എല്ലാം സമയത്തിനു നൽകാറുണ്ടെന്നും അറിയിച്ചു. രേഖകൾ പരിശോധിച്ചു ബോധ്യംവന്നതായി ജോയിന്റ് ഡയറക്ടർ അറിയിച്ചു. എതിർപ്പ് പിൻവലിച്ചു. (21.5.2014)

ഖണ്ഡിക. 8 ഓഡിറ്റ് ചാർജ്ജ് : ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

# പാർട്ട് – III

## എ. ഐ. സി. ആർ. പി. ഓൺ മെഡിസിനൽ പ്ലാന്റ്സ്, വെള്ളാനിക്കര

ഖണ്ഡിക (സ്കീംസ്) 1 ( ഓഡിറ്റ് നോട്ട്) 4

### അസിസ്റ്റന്റ് പ്രൊഫസറുടെ തസ്തികയിൽ അസോസിയേറ്റ് പ്രൊഫസറെ നിയമിച്ചത്

രജിസ്ട്രാറുടെ ഉത്തരവിനെ തുടർന്നാണ് അസോസിയേറ്റ് പ്രൊഫസറായ ഡോ. അഗസ്റ്റിൻ അവിടെ ജോലിയിൽ പ്രവേശിച്ചതെന്നും വർഷങ്ങൾക്കു മുമ്പുതന്നെ ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഐ. സി. എ. ആറിലേക്ക് അയച്ചിട്ടുള്ളതായും കേന്ദ്രം മേധാവി അറിയിച്ചു.

ഇത്തരം നിയമനങ്ങൾ പല ബാഹ്യ സഹായ പദ്ധതികളിലും ഇപ്പോഴും നടന്നുവരുന്നതായി കമ്മിറ്റി അംഗങ്ങൾ അഭിപ്രായപ്പെട്ടു.

എന്തുകൊണ്ട് ഈ തരത്തിലുള്ള നിയമനം പ്രസ്തുത പദ്ധതിയിൽ നടത്തി എന്നതിന്റെ വിശദീകരണം രജിസ്ട്രാറിൽ നിന്നും വാങ്ങി കമ്മിറ്റിയെ അറിയിക്കണമെന്ന നിർദ്ദേശത്തോടെ ഇത് സംബന്ധിച്ച പരാമർശം പിൻവലിക്കുവാൻ തീരുമാനിച്ചു. (29.11.2013)

## ഐ. സി. എ. ആർ അഡ്ഹോക് സ്കീം – ഹോർട്ടികൾച്ചറൽ കോളേജ്

ഓഡിറ്റ് റിപ്പോർട്ട് 2 (അധികമുറി വാടക)

അധികം വാങ്ങിയ 250 രൂപ രസീത് നമ്പർ 46/33983 തിയ്യതി 13.6.2005 പ്രകാരം തിരിച്ചടച്ചതായി അറിയിച്ചു. എതിർപ്പ് പിൻവലിച്ചു.(13.1.2014)

## ബി. സി. സി. പി. വെള്ളാനിക്കര

### ഖണ്ഡിക 3 (i): ദിവസവേതനാടിസ്ഥാനത്തിലുള്ളവരുടെ ഹാജർ പട്ടിക

ദിവസവേതനത്തിൽ ജോലി ചെയ്യുന്നവർക്കായി ഇപ്പോൾ ഹാജർ നില രേഖപ്പെടുത്തിവെയ്ക്കുന്നതായി അറിയിച്ചു.

എതിർപ്പ് പിൻവലിച്ചു. (29.11.2013)

### ഖണ്ഡിക 3 (ii): കുടിശ്ശിക ക്ഷാമബത്തയിൽ നിന്നും ഇൻകം ടാക്സ് കുറച്ചത്

എതിർപ്പിൽ ഉൾപ്പെട്ട 4303 രൂപ 2006 മെയ് മാസത്തിലെ ശമ്പളബില്ല് പ്രകാരം പ്രോവിഡന്റ് ഫണ്ടിൽ തിരികെ നിക്ഷേപിച്ചതായും ഇത് പ്രീ വെരിഫിക്കേഷൻ സമയത്ത് പരിശോധനയ്ക്കു നല്കിയതായും അറിയിച്ചതിനെതുടർന്ന് ഇത് സംബന്ധിച്ച് എതിർപ്പ് പിൻവലിച്ചതായി കമ്മിറ്റി അറിയിച്ചു. (29.11.2013)

**സെൻ്റർ ഫോർ ആനിമൽ ജനറ്റിക്സ് & ബ്രീഡിംഗ്, മണ്ണുത്തി.**

ഖണ്ഡിക 4 (i) (ഓ.നോ) ഐ. സി. എ. ആർ. സ്കെയിലിനുപരിയായി വേതനം നൽകി.

വിശദീകരണം അംഗീകരിച്ചു. എതിർപ്പ് പിൻവലിച്ചു. (25.4.2014)

ഖണ്ഡിക 4 (ii) (ഓ.നോ) പദ്ധതിയിൽ ജോലി ചെയ്യാത്ത കാലയളവിലെ കുടിശ്ശിക പദ്ധതിയിൽ നിന്നും നൽകി.

ജീവനക്കാർക്ക് കുടിശ്ശിക നൽകേണ്ടതാണെന്നും പ്രസ്തുത തുക പദ്ധതിയിലെ ധനസഹായത്തിനുള്ള ആഡിറ്റ് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിൽ നിന്നും കുറവ് വരുത്തിയിട്ടുണ്ടെന്നും ആയതിനാൽ സ്കീമിൻ്റെ പ്രവർത്തനത്തെ ബാധിച്ചിട്ടില്ലെന്നും അറിയിച്ചു.

വിശദീകരണം അംഗീകരിച്ചു. എതിർപ്പ് പിൻവലിച്ചു. (25.4.2014)

**എൻ്റമോളജി ഡിപ്പാർട്ടുമെൻ്റ്, ഹോർട്ടികൾച്ചറൽ കോളേജ്**

(സ്കീംസ്)

ഖണ്ഡിക 5.1 (1) (2) (3) ഓട്ടോ/ടാക്സി വാടക

എതിർപ്പിൽ ഉൾപ്പെട്ട തുക രസീത് നമ്പർ **93/56069** തിയ്യതി 27.11.2013 പ്രകാരം തിരിച്ചടച്ചതായി അറിയിച്ചു.

എതിർപ്പ് പിൻവലിച്ചു. (29.11.2013)

**പന്നി ഉത്പാദന ഗവേഷണ കേന്ദ്രം, മണ്ണുത്തി.**

ഖണ്ഡിക 6 (i) (ഓ.നോ) കുറവ് തൂക്കത്തിൽ പന്നികളെ വിൽപന നടത്തിയത്.

വിശദീകരണം

**കൃഷി വിജ്ഞാന കേന്ദ്രം അമ്പലവയൽ**

ഖണ്ഡിക 7 (i) (വാഹനമില്ലാതെ ഡ്രൈവറെ നിയമിച്ചു.)

വണ്ടി ഉണ്ടായിരുന്ന സമയത്താണ് ഡ്രൈവറെ നിയമിച്ചതെന്നും പ്രസ്തുത വാഹനം ലേലംചെയ്ത ശേഷം പുതിയ ജീപ്പ് വാങ്ങാനെടുത്ത കാലയളവിൽ എൽ.ഡി.വി. ഡ്രൈവറായിരുന്ന ശ്രീ ഡാനിയലിൻ്റെ സേവനം അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ ഉപയോഗപ്പെടുത്തിയിരുന്നതായും കേന്ദ്രം മേധാവി വിശദീകരിച്ചു.

മറുപടി അംഗീകരിച്ചു. എതിർപ്പ് പിൻവലിച്ചു. (21.5.2014)

ഖണ്ഡിക 7 (ii) കോമൺ റേഷ്യോ

29/11/2013 ലെ അക്കൗണ്ട്സ് കമ്മിറ്റിയുടെ 5 -ാമത് യോഗ തീരുമാനം

ഇതിനു ബാധകമാണ് (21.5.2014)

**ഖണ്ഡിക 7 (iii) പദ്ധതിയുമായി ബന്ധമില്ലാത്ത കാലയളവിലെ കുടിശ്ശിക പദ്ധതിയിൽ നിന്നും നൽകി.**

ജീവനക്കാർക്ക് കുടിശ്ശിക നൽകേണ്ടതാണെന്നും പ്രസ്തുത തുക ഓഡിറ്റ് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിൽ നിന്നും കുറവ് ചെയ്തതിനാൽ പദ്ധതിയുടെ അടങ്കലിനെയോ പ്രവർത്തനത്തെയോ ബാധിച്ചിട്ടില്ലെന്നും ആയതിനാൽ ഓഡിറ്റിന്റെ എതിർപ്പ് ഒഴിവാക്കി തരണമെന്നും കേന്ദ്രം മേധാവി അഭ്യർത്ഥിച്ചു.

വിശദീകരണം അംഗീകരിച്ച് എതിർപ്പ് പിൻവലിച്ചു. (21.5.2014)

ഖണ്ഡിക 7 (iv) വാഹനം വാങ്ങിയത് - അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചില്ല.

മുൻകൂറായി നൽകിയ തുകയിൽ നിന്നും ചിലവായ തുക കഴിച്ചുള്ള സംഖ്യ തിരികെ ലഭിച്ചതായും അഡ്ജസ്റ്റ്മെന്റ് ബിൽ പരിശോധിച്ചതായും ജോയിന്റ് ഡയറക്ടർ അറിയച്ചതിനെ തുടർന്ന് ഇത് സംബന്ധിച്ച എതിർപ്പ് പിൻവലിച്ചു. (21.5.2014)

## പാർട്ട് - IV

### ഏലം ഗവേഷണ കേന്ദ്രം പാമ്പാടുംപാറ

*പാരഗ്രാഫ് 1* : Earned Leave surrendered - No entry in leave accounts

ആഡിറ്റ് പരാമർശത്തിലുള്ള ശ്രീമതി. ഇ. കെ. സുഭാഷിണി, കെ. എസ്. മേരിക്കുട്ടി, മണിക്കുട്ടി എന്നിവർ പെൻഷൻ പറ്റിയതായും അവരുടെ സർവ്വീസ് പുസ്തകത്തിലെ പോരായ്മകൾ നികത്തിയ ശേഷമാണ് പെൻഷൻ ആനുകൂല്യങ്ങൾ നൽകിയതെന്നും വിശദീകരിച്ചു. ബാക്കിയുള്ള രണ്ടുപേരുടെയും സർവീസ് പുസ്തകത്തിലെ ലീവ് അക്കൗണ്ടിൽ വിട്ടുപോയ ഭാഗം എഴുതി ചേർത്തതായും. ആയത് പരിശോധിച്ച് ഉറപ്പാക്കിയതായും ജോയ്ന്റ് ഡയറക്ടർ അറിയിച്ചു. എതിർപ്പ് പിൻവലിച്ചു. (17.1.2011)

പാരഗ്രാഫ് 2: Purchase of spare cards for Sunshine Recorder - Advance payment - settlement details working.

വിശദീകരണം സ്വീകരിച്ചു. എതിർപ്പ് പിൻവലിച്ചു. (17.1.2011)

പാരഗ്രാഫ് 3 : Digging Borewell and Installation of Irrigation facilities Advance paid - Adjustment particulars of the Final work - work bill wanting

ഫൈനൽ ബിൽ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ പരിശോധനക്ക് വിധേയമായി എതിർപ്പ് പിൻവലിച്ചു.

സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ Borewell കുഴിക്കുന്നതിന്. കേരള വാട്ടർ അതോറിറ്റിയുടെ/ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെ സൗകര്യം ഉപയോഗപ്പെടുത്തുന്നതിനുള്ള ഒരു നയം രൂപീകരിക്കണമെന്ന് കമ്മിറ്റി തീരുമാനിച്ചു. (17.1.2011)

**എഞ്ചിനീയറിങ്ങ് ഡിവിഷൻ, പനങ്ങാട് 2003 – 04**

*പാരഗ്രാഫ് 4 & 5*

4. ICAR ONE TIME Catch up grant for construction of Nursery and Fencing with chain link along the Western side of Segment Desitting existing ponds and construction of sluice at College of Fisheries, Panagad.

5. Renovation/Repair to the Ladies Hostel at College of Agriculture, Vellayani

വിശദീകരണം സ്വീകരിച്ചു. 22.10.2008 ലെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി യോഗം ഈ ഖണ്ഡികകൾ പരിശോധിച്ച് ഒഴിവാക്കിയതാണ് എന്ന് വിശദീകരിച്ചു.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ തീരുമാനത്തിനു വിധേയമായി എതിർപ്പുകൾ പിൻവലിച്ചു. (17.1.2011)

**എഞ്ചിനീയറിങ്ങ് സബ് ഡിവിഷൻ കോലാഹലമേട്**

പാരഗ്രാഫ് 6 ***Payees Receipt wanting***

ആഡിറ്റ് പരാമർശത്തിലിരിക്കുന്ന Payee receipt കൾ ലോക്കൽ ഫണ്ട് ആഡിറ്റിന്റെ പരിശോധനക്ക് ഹാജരാക്കിയതായി വിശദീകരിച്ചു.

എതിർപ്പ് പിൻവലിച്ചു. (17.1.2011)

പാരഗ്രാഫ് 7 Excess Drawal of DA Disbursed

ആഡിറ്റ് പരാമർശിച്ച കൂടുതലായി നൽകിയ സംഖ്യ 8/8/2005 ലെ 94/307321 നമ്പർ രശീതി പ്രകാരം ബന്ധപ്പെട്ടയാൾ സർവ്വകലാശാല അക്കൗണ്ടിൽ അടച്ചതായും ആയത് ജോയിന്റ് ഡയറക്ടർ പരിശോധിച്ചതായും വിശദീകരിച്ചു.

എതിർപ്പ് പിൻവലിച്ചു. (17.1.2011)

**ഫിഷറീസ് കോളേജ് പനങ്ങാട്**

പാരഗ്രാഫ് 8 : Common Ratio Promotion objected for want of Government ratification

ഈയിനത്തിൽ കൂടുതലായി കൈപ്പറ്റിയ 7741 ക. റിട്ടയർ ചെയ്ത ക്ലാസ് IV ജീവനക്കാരിയായ ശ്രീമതി. ലീലമണിയുടെ ഗ്രാറ്റുവിറ്റിയിൽ നിന്ന് 15.3.2006 ലെ പെൻ എ2/ 5407/05 നമ്പർ ഉത്തരവ് പ്രകാരം തിരിച്ചു പിടിച്ചതായും ആയത് ആഡിറ്റ് പരിശോധിച്ചതായും അറിയിച്ചു. എതിർപ്പ് പിൻവലിച്ചു. (17.1.2011)

**പാരഗ്രാഫ് 9 : Grant of TBHG irregularities Noticed**

ക്രമവിരുദ്ധമായി സ്ഥിരം തൊഴിലാളി ശ്രീ.വി.കെ. ഗോപാലകൃഷ്ണന് നൽകിയ സമയബന്ധിത ഹയർ ഗ്രേഡ്. 26.08.2008 ലെ എഫ്2/3116/08 (i) ഉത്തരവു പ്രകാരം ക്രമീകരിച്ചതായും ഈയിനത്തിൽ കൂടുതലായി കൈപറ്റിയ സംഖ്യ CBV No. 42/06-09 ബില്ലിൽ അഡ്ജസ്റ്റ് ചെയ്തതായും ആയത് ലോക്കൽ ഫണ്ട് ആഡിറ്റ് പരിശോധിച്ചതായും വിശദീകരിച്ചു. എതിർപ്പ് പിൻവലിച്ചു. (17.1.2011)

**പാരഗ്രാഫ് 10 *TA paid for obtaining quotation***

ഈയിനത്തിൽ കൈപ്പറ്റിയ തുക 100 ക 22 - 09 - 08 ലെ 69/43624 നമ്പർ രശീതി പ്രകാരം സർവ്വകലാശാല ഫണ്ടിൽ അടച്ചതായും ആയത് പരിശോധിച്ചതായും വിശദീകരിച്ചു. എതിർപ്പ് പിൻവലിച്ചു. (17.1.2011)

**കന്നുകാലി ഗവേഷണ കേന്ദ്രം, തിരുവാഴാംകുന്ന്**

പാരാഗ്രാഫ് 11 സംഖ്യ ഒടുക്കിയതിൽ വന്ന കുറവ്

കുറവ് വന്ന സംഖ്യ 18-6-05-ൽ RDR Â ചേർത്തതായും സർവ്വകലാശാല അക്കൗണ്ടിൽ ഒടുക്കിയതായും ആയത് ഡെപ്യൂട്ടി ഡയറക്‌ടർ പരിശോധിച്ചതായും വിശദീകരിച്ചു.

ഈ വിഷയത്തിൽ ഒരു പൊതു നിർദ്ദേശം കൊടുത്തിട്ടുള്ളതായി കംപ്ട്രോളർ അറിയിച്ചു. മേലാൽ ഇത്തരം വീഴ്ചകൾ സംഭവിക്കരുതെന്നും വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും 18% മെങ്കിലും പലിശയോടെ സംഖ്യ ഈടാക്കണമെന്നും എന്ന നിർദ്ദേശത്തോടെ എതിർപ്പ് നിലനിർത്തേണ്ടതില്ല എന്ന് തീരുമാനിച്ചു. ഈ വിഷയത്തിൽ ഒരു സർക്കുലർ കൂടി പുറപ്പെടുവിക്കേണ്ടതാണ്. (17.5.2010)

**പാരാഗ്രാഫ്-12 : കോമൺ റേഷ്യോ പ്രമോഷൻ**

കോമൺ റേഷ്യോ സംബന്ധിച്ച് 29.11.2013ലെ അക്കൗണ്ട്സ് കമ്മിറ്റിയുടെ 5-ാമത് യോഗ തീരുമാനം ബാധകമാണ്.(25.4.2014)

**ഓടക്കാലി സുഗന്ധവിള ഔഷധ സസ്യ ഗവേഷണ കേന്ദ്രം**

പാരഗ്രാഫ് 13 സെലക്ഷൻ ഗ്രേഡ് ഫാം അസിസ്റ്റന്റ് ശ്രീ. ആർ. രഘുവിന് 46/5.03 സിബിവി നമ്പർ പ്രകാരം നൽകിയ ടി.എ. അഡ്വാൻസ് -

തുമ്പൂർമുഴി കന്നുകാലി പ്രജനനകേന്ദ്രത്തിലെ സിബിവി നമ്പർ 44/05 - 05 Rs. 1146/- (G) Rs.146 (N) പ്രകാരം അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്തിട്ടുള്ളതായും ആയത് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് പരിശോധിച്ചതായും വിശദീകരിച്ചു.

എതിർപ്പ് പിൻവലിച്ചു. (17.1.2011)

**പാരഗ്രാഫ് 14 *വൗച്ചറുകൾ പരിശോധനക്കായി വെച്ചിട്ടില്ല***

വിശദീകരണം സ്വീകരിച്ചു.

മേൽപടി വൗച്ചറുകൾ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് പരിശോധിച്ചതായി വിശദീകരിച്ചു. എതിർപ്പ് പിൻവലിച്ചു. (17.1.2011)

## വെറ്ററിനറി കോളേജ് മണ്ണുത്തി ആഡിറ്റ് റിപ്പോർട്ട് 2003 – 04

### പാരഗ്രാഫ് 15 - അനുമതിയില്ലാതെ റിസർച്ച് അസിസ്റ്റന്റിനെ നിയമിച്ചത്

കോളേജിന്റെ കീഴിലുള്ള സെൻട്രൽ ഇൻസ്ട്രുമെന്റേഷൻ ലബോറട്ടറിയിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ 1999-2000 മുതൽ സർവ്വകലാശാലയുടെ അനുമതി ഉത്തരവ് കൂടാതെ വൈസ് ചാൻസിലറുടെ കുറിപ്പിന്റെ മാത്രം അടിസ്ഥാനത്തിൽ ജോലിയെടുപ്പിച്ചത് ശരിയായില്ലെന്നും 2003 – 2004 ൽ വേതന ഇനത്തിൽ 47650/ ക നൽകിയത്. അനുവദനീയമല്ല എന്നും ആണ് ആഡിറ്റ് പരാമർശം കോളേജ് ഡീനിന്റെ കാര്യകാരണ സഹിതമുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ 11/2008 വരെ ദിവസകൂലി അടിസ്ഥാനത്തിൽ സെൻട്രൽ ഇൻസ്ട്രുമെന്റേഷൻ ലാബിൽ റിസർച്ച് അസിസ്റ്റന്റിനെ ജോലിയെടുപ്പിച്ചതും വേതനം നൽകിയതും. 22/1/2010 ലെ ജിഎ ബി 3/10762/09 നമ്പർ സർവ്വകലാശാല ഉത്തരവ് പ്രകാരം സാധൂകരണം നൽകിയിട്ടുണ്ട് എന്ന് വിശദീകരിച്ചു.

ടി ഉത്തരവ് ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ച് എതിർപ്പ് നിലനിർത്തേണ്ടതില്ല എന്ന് അഭിപ്രായപ്പെട്ടു. എതിർപ്പ് പിൻവലിച്ചു. (24.6.2010)

### പാരഗ്രാഫ് 16 കോമൺ റേഷ്യോ പ്രമോഷൻ നൽകിയത് അനുവദനീയമല്ല

ഈ വിഷയത്തിൽ (പാരഗ്രാഫ് 39 ആഡിറ്റ് റിപ്പോർട്ട് 2003 - 04) XIII ാമത് അക്കൗണ്ട്സ് കമ്മിറ്റി 16.2.2010 ലെ 6 ാമത്തെ യോഗത്തിൽ എടുത്ത തീരുമാനം ബാധകമാണ്.(24.6.2010)

29.11.2013ലെ തീരുമാനം ഇതിന് ബാധകമാണ്.(12.2.2014)

### പാരഗ്രാഫ് 17 ഫാം അസിസ്റ്റന്റുമാർക്ക് റിസ്ക് അലവൻസ് നൽകിയത് അനുവദനീയമല്ല.

സർവ്വകലാശാല ഉത്തരവില്ലാതെ ഫാം അസിസ്റ്റന്റുമാർക്ക് റിസ്ക് അലവൻസ് നൽകിയത് അനുവദിക്കാനാവില്ല എന്ന് കമ്മിറ്റി അഭിപ്രായപ്പെട്ടു. സർവ്വകലാശാലയുടേത് ശരിയായ നടപടിയല്ല.

ആഡിറ്റ് പരാമർശത്തിലുള്ള ശ്രീമതി ഒ. പി. പ്രേമകുമാരിക്ക് (Rtd.) നൽകിയ 720/- ക ടിയാളുടെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്ന് പിടിച്ച് സർവ്വകലാശാല ഫണ്ടിൽ ഒടുക്കുവാൻ 15.10.07 ലെ SA IB/19373/07 കുറിപ്പ് പ്രകാരം പെൻഷൻ സെക്ഷന് നിർദ്ദേശം നൽകുകയും

അതനുസരിച്ച് തിരിച്ചു പിടിക്കുകയും ചെയ്തതായി അറിയിച്ചു.

ആഡിറ്റ് പരാമർശത്തിലുള്ള ബാക്കിയുള്ള ശ്രീമതി. എം. വി. കുമാരി,

ശ്രീ. ആർ. ചന്ദ്രൻ എന്നിവരിൽ നിന്നും തിരിച്ചു പിടിക്കാനുള്ള സംഖ്യ ഈടാക്കി ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധനക്ക് നൽകേണ്ടതാണ്. സർവ്വകലാശാല ഉത്തരവില്ലാതെ ആനുകൂല്യങ്ങൾ നൽകുന്നത് ശരിയായ നടപടിയല്ല.

ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധനക്ക് വിധേയമായി എതിർപ്പ് പിൻവലിച്ചു. ആഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ച പ്രകാരം ഫാം അസിസ്റ്റന്റുമാർക്ക് റിസ്ക് അലവൻസ് നൽകുന്നത് അവസാനിപ്പിക്കണമെന്നും ഈയിനത്തിൽ കൈപ്പറ്റിയവരിൽ നിന്നും സംഖ്യ തിരിച്ചു പിടിക്കണമെന്നും കമ്മിറ്റി തീരുമാനിച്ചു.(24.6.2010)

**പാരഗ്രാഫ് 18 : ലേഡീസ് ഹോസ്റ്റൽ അനക്സിൽ സ്ഥിരം തൊഴിലാളിക്കും പാർട്ട് ടൈം സ്വീപ്പർക്കും കൂലി വേതനം നൽകിയത് സംബന്ധിച്ച്**

2002 - 03 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഇതേ വിഷയം 23.1.10 ലെ 5 മത് യോഗം ചർച്ച ചെയ്യുകയും എതിർപ്പ് നിലനിർത്തേണ്ടതില്ല എന്ന് തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 22.10.08 കൂടിയ യോഗം ഈ പരാമർശത്തിലെ എതിർപ്പ് ഒഴിവാക്കിയിട്ടുണ്ടെന്ന് വിശദീകരിച്ചു.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി എതിർപ്പ് നിലനിർത്തേണ്ടതില്ല (24.6.2010)

**പാരഗ്രാഫ് 19**

Remuneration paid to internal examiner in connection with Annual board Examinations – irregular.

8.1.2008 ലെ Acad/B1/3639/07 നമ്പർ സർവ്വകലാശാല ഉത്തരവു പ്രകാരം ഇപ്പോൾ പരീക്ഷ ജോലികൾക്ക് പ്രതിഫലം നൽകുന്നില്ല എന്നും മുമ്പേ നൽകിയ സംഖ്യകൾ ചില അദ്ധ്യാപകർ തിരിച്ചടച്ചതായും മറ്റുള്ളവരിൽ നിന്നും സംഖ്യ തിരിച്ചുപിടിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരികയാണെന്നും അറിയിച്ചു. സംഖ്യ തിരിച്ചടച്ചവരെ സംബന്ധിച്ച എതിർപ്പ് പിൻവലിച്ചു. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനം കാക്കാവുന്നതാണ് (24.6.2010)

ഈ വിഷയം നിയമസഭാസമിതി പരിശോധിച്ച് തിരിച്ചടയ്ക്കാൻ നിർദ്ദേശിച്ചിരിക്കയാൽ മുഴുവൻ സംഖ്യയും ഈടാക്കി റിപ്പോർട്ട് ചെയ്യാൻ കമ്മിറ്റി നിർദ്ദേശിച്ചു.(12.2.2014)

**പാരഗ്രാഫ് 20: Medical Advance Sanctioned – Balance not refunded – irregularisaties**

വിശദീകരണം സ്വീകരിച്ചു.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധനക്ക് വിധേയമായി എതിർപ്പ് പിൻവലിച്ചു. (24.6.2010)

**പാരഗ്രാഫ് 21 wages paid in excess of PWD rate – not admitted.**

വിശദീകരണം വിശദമായി പർച്ച ചെയ്തു. അത്യാവശ്യഘട്ടങ്ങളിൽ ആവശ്യങ്ങൾക്കനുസരിച്ച് കോളേജ് കളിസ്ഥലം വൃത്തിയാക്കുന്നതിനും (അറ്റകുറ്റ പണികൾക്കും) മറ്റുമായി പ്രാദേശിക നിരക്കനുസരിച്ച് കൂലി നൽകിയതെന്നും വിശദീകരിച്ചു. മാത്രമല്ല. വർഷങ്ങൾക്കു മുമ്പ് ജോലിയെടുപ്പിച്ചതിന് കൂലിയായ തുക തിരിച്ചു ഈടാക്കുവാൻ ബുദ്ധിമുട്ടാണെന്ന് അറിയിച്ചു.

നടപടിക്രമം പാലിക്കേണ്ടതായിരുന്നു എന്ന് കമ്മിറ്റി വിലയിരുത്തി.

വിശദീകരണം സ്വീകരിച്ച് എതിർപ്പ് പിൻവലിച്ചു. (24.6.2010)

**പാരാഗ്രാഫ് 22 payment of maintenance allowance to Smt. M. A. Gracy Retrenched worker 50% share not collected.**

ഈ ഖണ്ഡിക ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ 2005-06 വർഷത്തെ സമാഹൃത ആഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതും നിയമസഭ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 22.10.2008 ൽ കൂടിയ യോഗം പരിശോധിക്കുകയും എതിർപ്പ് ഒഴിവാക്കിയിട്ടുള്ളതുമാണ് എന്ന് വിശദീകരിച്ചു. നിയമസഭ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി എതിർപ്പ് പിൻവലിച്ചു.(17.1.2011)

**പാരഗ്രാഫ് 23: Purchase of Equipments and Machinery – Stock & Stores**

പരാമർശമനുസരിച്ചുള്ള രജിസ്റ്റർ സൂക്ഷിക്കുവാൻ നടപടി സ്വീകരിച്ചതായി അറിയിച്ചു. ഫിസിക്കൽ വെരിഫിക്കേഷൻ മൂന്നു മാസത്തിനകം പൂർത്തീകരിച്ച് റിപ്പോർട്ട് നൽകേണ്ടതാണ്. (24.6.2010)

24.6.2010 ന് ചേർന്ന 8 ാമത് യോഗ തീരുമാനമനുസരിച്ച് ഫിസിക്കൽ വെരിഫിക്കേഷൻ മൂന്നു മാസത്തിനകം പൂർത്തികരിച്ച് റിപ്പോർട്ട് നൽകുവാൻ ഡീനിനോട് ആവശ്യപ്പെട്ടിരുന്നു.

നാളിതുവരെയും റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. കമ്മറ്റി തീരുമാനപ്രകാരം റിപ്പോർട്ട് സമർപ്പിക്കാത്തതിന് കാര്യകാരണ സഹിതം ഡീൻ വിശദീകരണം നൽകേണ്ടതാണ്.(17.1.2011)

എല്ലാ ഉപകരണങ്ങൾക്കും മറ്റും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാറുണ്ടെന്നും വലിയ സ്ഥാപനമായതിനാൽ പ്രായോഗിക ബുദ്ധിമുട്ടുകൊണ്ടാണ് സി. എസ്. ആറിൽ എഴുതാത്തതെന്നും അറിയിച്ചു.

മറുപടി അംഗീകരിച്ച് എതിർപ്പ് ഒഴിവാക്കി. (12.2.2014)

പാരഗ്രാഫ് 24: Purchase of imported Blood Cell counter – Security Deposit – Release – irregularisaties

വിശദീകരണം കമ്മിറ്റി പരിശോധിച്ചു. തൃപ്തികരമല്ല.

ഇത്തരം സ്ഥാപനങ്ങളുമായുള്ള ഇടപാടുകൾ നടത്തേണ്ടതില്ലെന്നും കരിം പട്ടികയിൽപ്പെടുത്താൻ നടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശിച്ചു.(24.6.2010)

ഈ ഇടപാടിലുള്ള M/s. Analytical Automation എന്ന സ്ഥാപനം ടെന്റർ വ്യവസ്ഥകൾ ലംഘിച്ച അവസ്ഥയിൽ സെക്യൂരിറ്റി ഡെപ്പൊസിറ്റ് തിരിച്ചു കൊടുത്തത് ഗുരുതരമായ ക്രമകേടാണ് എന്ന് കമ്മിറ്റി വിലയിരുത്തുന്നു. മാത്രമല്ല സർവ്വകലാശാലക്ക് മറ്റിനങ്ങളിലായി (Bank charge) etc. വെറെയും സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട്.

സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരിച്ചു കൊടുത്ത ഉദ്യോഗസ്ഥനിൽ നിന്ന് സംഖ്യ ഈടാക്കി സർവ്വകലാശാല ഫണ്ടിൽ ഒടുക്കേണ്ടതാണ്.(17.1.2011)

പാരഗ്രാഫ് 25: AMC for Electron Microscope – Maintenance not done for want of spares.

ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ 2005 - 06 ലെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിനായി ഈ ഖണ്ഡിക ശുപാർശ ചെയ്തതാണെന്ന് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.(24.6.2010)

ബന്ധപ്പെട്ട റെക്കോർഡുകളും രേഖകളും പരിശോധിച്ച് ആവശ്യമായ സർട്ടിഫിക്കറ്റുകൾ സഹിതം ലോക്കൽ ഫണ്ട് ഓഡിറ്റിന് കംപ്ട്രോളർ മുഖാന്തിരം സുവ്യക്തമായ മറുപടി നൽകേണ്ടതാണ്.

മറുപടി ജോയിന്റ് ഡയറക്ടർ അംഗീകരിക്കുന്ന മുറയ്ക്ക് എതിർപ്പ് പിൻവലിക്കാവുന്നതാണ്.(12.2.2014)

പാരഗ്രാഫ് 26 : Purchase of Blood Analyser and PH Meter.

Excess rate paid delay in supply.

ഡെപ്യൂട്ടി ഡയറക്ടർക്ക് വിശദമായ മറുപടി ഒരു മാസത്തിനകം നൽകേണ്ടതാണ്. ആയത് പരിശോധിച്ച് ടി യാന്റെ അഭിപ്രായം അറിയും വരെ തീരുമാനം മാറ്റിവെച്ചു.(24.6.2010)

കമ്മറ്റി തീരുമാനപ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന് വിശദമായ മറുപടി നൽകുവാൻ ഡീനിനോട് ആവശ്യപ്പെട്ടിരുന്നു. അപ്രകാരം മറുപടി ലഭിച്ചിട്ടില്ലെന്ന് ജോയന്റ് ഡയറക്ടർ അറിയിച്ചു.

ഇനിയും മറുപടി കാക്കേണ്ടതില്ല. സർവ്വകലാശാലക്ക് വന്ന നഷ്ടം 13020/- ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കി സർവ്വകലാശാല ഫണ്ടിൽ അടക്കേണ്ടതാണ്.(17.1.2011)

24.6.2010ൽ ചേർന്ന അക്കൗണ്ട്സ് കമ്മിറ്റിയുടെ തീരുമാനമനുസരിച്ചുള്ള വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.(12.2.2014)

പാരഗ്രാഫ് 27: Purchase of new Fax Machine – irregularties

വിശദീകരണത്തിന്മേൽ ഡെപ്യൂട്ടി ഡയറക്ടറുടെ അഭിപ്രായം അറിഞ്ഞ ശേഷം തീരുമാനമെടുക്കുന്നതാണ്.(24.6.2010)

മേൽ ഖണ്ഡികകൾക്ക് ഖണ്ഡിക 26 ന്റെ തീരുമാനം ബാധകമാണ്(12.2.2014)

പാരഗ്രാഫ് 28: Freeze Drier Purchase-custom duly exemption facility not availed

അനുവദനീയ 5% ഡ്യൂട്ടി മാത്രമാണ് നൽകിയിരുന്നതെന്ന് വിശദീകരിച്ചു.എതിർപ്പ് പിൻവലിച്ചു.(24.6.2010)

പാരഗ്രാഫ് 29 - Advertisement charges Excess Rate paid

മാതൃഭൂമി പത്രത്തിൽ അന്ന് നിലവിലുള്ള താരിഫ് നിരക്ക് ആഡിറ്റിന്റെ പരിശോധനക്കായി നൽകേണ്ടതാണ്. (24.6.2010)

മേൽ ഖണ്ഡികകൾക്ക് ഖണ്ഡിക 26 ന്റെ തീരുമാനം ബാധകമാണ്.(12.2.2014)

## മണ്ണുത്തി വിജ്ഞാന വിപണന കേന്ദ്രം

പാർട്ട് IV പാരഗ്രാഫ് 30 - തുക കൈപ്പറ്റു രശീതി ഹാജരാക്കിയില്ല

കൈപ്പറ്റ് രശീതികളും ബന്ധപ്പെട്ട റെക്കോർഡുകളും ഹാജരാക്കിയതായും ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ചുറപ്പാക്കിയതായും വിശദീകരിച്ചു.

വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കി.(16.2.2010)

പാരഗ്രാഫ് 31 ചിലവാക്കിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയില്ല.

തുക കൈപ്പറ്റിയതിന് ബന്ധപ്പെട്ട സ്ഥാപനം നൽകിയ രശീതി ഹാജരാക്കിയതായും ആയത് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ച് അംഗീകരിച്ചതായും വിശദീകരിച്ചു.

എതിർപ്പ് പിൻവലിച്ചു.(16.2.2010)

## മണ്ണുത്തി എഞ്ചിനീയറിംഗ് സബ് ഡിവിഷൻ

പാരഗ്രാഫ് 32: സർക്കാർ അനുമതി ഇല്ലാതെ ഓവർസീയർമാർക്ക് ഉയർന്ന ശമ്പള സ്കെയിൽ നൽകിയത് ക്രമവിരുദ്ധം

ഓവർസീയർമാർക്ക്, സർവ്വകലാശാല ഉയർന്ന ശമ്പള സ്കെയിൽ നൽകിയതിന് സാധൂകരണം ലഭിക്കുന്നതിനായി സർക്കാരിലേക്ക് നിരന്തരം അപേക്ഷിച്ചിട്ടുള്ളതായി അറിയിച്ചു. ഇതുവരേയും സാധൂകരണം ലഭിച്ചിട്ടില്ലെന്നും വിശദീകരിച്ചു. മാത്രമല്ല, ഈ വിഷയം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റിന്റെ 2004- 05 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ളതും നിയമസഭ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലുമാണ്.

സർക്കാരിന്റെ അംഗീകാരം ഇല്ലാതെ നടപ്പാക്കിയ വിഷയത്തിൽ നിയമസഭ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയിൽ നിന്നും അനുകൂല തീരുമാനത്തിന് സാധ്യത വിരളമാണ് എന്നും കമ്മിറ്റി വിലയിരുത്തുന്നു.

സർക്കാരിന്റെ അനുമതി/സാധൂകരണം ലഭിക്കാത്ത സ്ഥിതിയിൽ ഇത് തുടർന്നു കൊണ്ടുപോകുന്നത് അഭികാമ്യമല്ലെന്ന് കമ്മിറ്റി വിലയിരുത്തുന്നു.

ആയതുകൊണ്ട് താമസം കൂടാതെ സർക്കാരിന്റെ അംഗീകാരം വാങ്ങിക്കുകയോ അല്ലെങ്കിൽ സർക്കാർ അനുമതിയില്ലാതെ നൽകിയ സ്കെയിലുകൾ പുനഃക്രമീകരിക്കുന്നത് സംബന്ധിച്ച് സംഘടനകളുമായി ചർച്ച ചെയ്ത് ആഡിറ്റ് പരാമർശം ഒഴിവാക്കി കിട്ടുന്നതിനുവേണ്ടി അന്തിമ തീരുമാനം കൈക്കൊള്ളുവാൻ എക്സിക്യൂട്ടീവ് കമ്മിറ്റിയോട് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.(16.2.2010)

## CAS in Animal Genetics and Breeding, Mannuthy

**പാരഗ്രാഫ് 33 ഗവേഷണ പദ്ധതിയിനത്തിൽ ചിലവാക്കേണ്ട 1855/- ക. കേന്ദ്രത്തിന്റെ ഫണ്ടിൽ നിന്ന് ചിലവാക്കിയത് - അനുവദനീയമല്ല.**

ഈയിനത്തിൽ സർവ്വകലാശാലക്കുണ്ടായ നഷ്ടം 1855/- ക. 82/37336 നമ്പർ രശീതി പ്രകാരം 8.6.2006 ൽ ബന്ധപ്പെട്ടയാളിൽ നിന്നും ഈടാക്കി സർവ്വകലാശാലാ ഫണ്ടിൽ ഒടുക്കിയതായി വിശദീകരിച്ചു.

ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധനക്ക് വിധേയമായി എതിർപ്പ് പിൻവലിച്ചു.(16.2.2010)

**പാരഗ്രാഫ് 34**

**ലൈഫ് ഇൻഷൂറൻസ് കോർപ്പറേഷനിൽ നിന്നും 8538/- രൂപക്കുള്ള കൈപ്പറ്റു രശീതി ഹാജരാക്കിയില്ല.**

ഇൻഷൂറൻസ് കോർപ്പറേഷനിൽ നിന്നും തുക കൈപ്പറ്റിയതിനുള്ള രശീതി ഹാജരാക്കുകയും ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ചതായും വിശദീകരിച്ചു.

എതിർപ്പ് പിൻവലിച്ചു. (16.2.2010)

## യൂണിവേഴ്സിറ്റി പൗൾട്രി & ഡക്ക് ഫാം, മണ്ണുത്തി

**പാരഗ്രാഫ് 35**

എ) **തൊഴിലാളികൾക്ക് ആർജ്ജിതാവധി അനുവദിച്ചത് സർവ്വീസ് പുസ്തകത്തിൽ രേഖപ്പെടുത്തിയതിലുള്ള പോരായ്മ**

പോരായ്മകൾ നികത്തിയതായും ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ചതായും വിശദീകരിച്ചു. എതിർപ്പ് പിൻവലിച്ചു. (16.2.2010)

ബി) ആർജ്ജിതാവധി കണക്കാക്കിയതിൽ പിഴവ്

ശ്രീമതി പി. കെ. റംലത്തിന്റെ ലീവ് അക്കൗണ്ടിൽ ആർജ്ജിതാവധി കണക്കാക്കിയതിലുള്ള തെറ്റ് തിരുത്തിയതായും ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് പരിശോധിച്ചതായും അറിയിച്ചു. എതിർപ്പ് പിൻവലിച്ചു. .(16.2.2010)

## കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി

പാരഗ്രാഫ് 36 - അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല

1000 രൂപയുടെ അഡ്വാൻസ് ക്രമീകരിച്ചതായും ആയത് വൈകിയതിന് പിഴപലിശയായി 235/- രൂപ ബന്ധപ്പെട്ടയാളിൽ നിന്നും ഈടാക്കി. 28.7.09 ലെ 60/38611 നമ്പർ രശീതി പ്രകാരം സർവ്വകലാശാല ഫണ്ടിൽ ഒടുക്കിയതായും വിശദീകരിച്ചു. ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ചതായും അറിയിച്ചു. എതിർപ്പ് പിൻവലിച്ചു.(16.2.2010)

## സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, മണ്ണുത്തി

പാരഗ്രാഫ് 37 മുൻകൂർ തുക വാങ്ങിയത് ക്രമീകരിച്ചുകൊണ്ടുള്ള അന്തിമ ബില്ലും വൗച്ചറുകളും ഹാജരാക്കിയില്ല. ബന്ധപ്പെട്ട രേഖകൾ പ്രകാരം ആഡിറ്റ് പരാമർശത്തിലുള്ള 8 അഡ്വാൻസുകളും ക്രമീകരിച്ചതായി വിശദീകരിച്ചു. അതിൽ 7 അഡ്വാൻസുകൾ ക്രമീകരിച്ചുകൊണ്ടുള്ള ബില്ലുകളും വൗച്ചറുകളും ലോക്കൽ ഫണ്ട് ആഡിറ്റ് പരിശോധിച്ചതായി വിശദീകരിച്ചു. CBV No.53/3/03-04 (BR No.398) 88600 രൂപക്കുള്ള അഡ്ജസ്റ്റ്മെന്റ് ബിൽ കൂടി ഹാജരാക്കേണ്ടതുണ്ടെന്നും ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

വൗച്ചറുകൾ പരിശോധിച്ച 7 അഡ്വാൻസുകളെ സംബന്ധിച്ച എതിർപ്പ് പിൻവലിച്ചു.

88,600/- രൂപയുടെ അഡ്വാൻസ് ക്രമീകരിച്ചുകൊണ്ടുള്ള CBV No.53/3/03-04 (BR 398) നമ്പർ അഡ്ജസ്റ്റ്മെന്റ് ബിൽ പരിശോധനക്കായി ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകേണ്ടതാണ്.

ഉപരി അഡ്വാൻസിനെ സംബന്ധിച്ചുള്ള എതിർപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധനക്ക് വിധേയമായി പിൻവലിച്ചു. (16.2.2010)

പാരഗ്രാഫ് 38: ബന്ധപ്പെട്ട ഫയൽ ഹാജരാകാത്തതിനാൽ ചിലവ് അനുവദനീയമല്ല.

ഫയൽ ഹാജരാക്കിയതായും ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ചതായും വിശദീകരിച്ചു. എതിർപ്പ് പിൻവലിച്ചു. (16.2.2010)

## മണ്ണുത്തി സർവ്വകലാശാലാ പ്രസ്സ്

പാരഗ്രാഫ് 39

മിനിസ്റ്റീരിയൽ ജീവനക്കാർക്ക് പെർഫോമൻസ് അലവൻസ് നൽകിയത് അനുവദനീയമല്ല.

സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സർവ്വകലാശാലാ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനപ്രകാരമാണ് പ്രസ്സിലെ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് പെർഫോമൻസ് അലവൻസ് അനുവദിച്ചിരിക്കുന്നത് എന്ന് വിശദീകരിച്ചു. മുൻപേ XII –ാമത് അക്കൗണ്ട്സ് കമ്മിറ്റി ഈ വിഷയം വിശദമായി പരിശോധിക്കുകയും ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതിയോടെ 2001-02, 2002-03 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിൽ ഉള്ള ഇതേ വിഷയത്തിലുള്ള എതിർപ്പ് പിൻവലിച്ചിട്ടുള്ളതാണെന്നും കമ്മിറ്റി മുമ്പാകെ കംപ്ട്രോളർ ബോധിപ്പിച്ചു.

വിശദീകരണം സ്വീകരിച്ച്കൊണ്ട് എതിർപ്പ് നിലനിർത്തേണ്ടതില്ല എന്ന് തീരുമാനിച്ചു.(16.2.2010)

പാരഗ്രാഫ് 40

ഓഫീസും പരിസരവും വൃത്തിയാക്കുന്നതിന് സ്ഥിരം തൊഴിലാളികളെ നിയോഗിക്കുന്നതു സംബന്ധിച്ച്.

ആഡിറ്റ് പരാമർശം കമ്മിറ്റി വിശദമായി ചർച്ച ചെയ്തു.

സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ ആഫീസുകളിലെ തൂപ്പുജോലിക്ക് സ്ഥിരം തൊഴിലാളികളെ നിയോഗിക്കുന്നത് പൊതുവായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലല്ല എന്ന് കമ്മിറ്റി മനസ്സിലാക്കുന്നു. ഇതിന് ഒരു പൊതുവായ നയം രൂപീകരിക്കേണ്ടതുണ്ട്.

സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിൽ തൊഴിലാളികളെ തൂപ്പുജോലികൾക്ക് നിയോഗിക്കുന്നത് പൊതുവായ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാകണമെന്ന് കമ്മിറ്റി വിലയിരുത്തുന്നു. ആയതിന് സംഘടനകളുമായി ചർച്ച നടത്തി ഒരു പൊതു മാനദണ്ഡം നിശ്ചയിക്കേണ്ടതാണ്. (16.2.2010)

പാരഗ്രാഫ് 41

എച്ച്. എം. ടി. യിൽ നിന്ന് മിനി ഓഫ്സെറ്റ് പ്രസ് വാങ്ങിച്ചത് - സപ്ലൈ ചെയ്യുന്നതിൽ വന്ന കാലതാമസം

വിശദീകരണം കമ്മിറ്റി സ്വീകരിച്ചു.

നിയമസഭ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി എതിർപ്പ് പിൻവലിച്ചു. (16.2.2010)

**മണ്ണുത്തി ഡയറി പ്ലാന്റ്**

പാരഗ്രാഫ് 42

Remittance of tax of vehicle No.KER896/Milk Tanker – Loss due to irresponsible action of authorities – Disallowed Rs.16,039/-

വിശദീകരണം തൃപ്തികരമല്ല. ഈയിനത്തിൽ സർവ്വകലാശാലക്കുണ്ടായ നഷ്ടം 16,039/- രൂപ ഉത്തരവാദിത്തപ്പെട്ടവരിൽ നിന്നും വസൂലാക്കേണ്ടതാണ്. വെറ്ററിനറി കോളേജ് ഡീൻ 2 മാസത്തിനകം നടപടി സ്വീകരിച്ച് കമ്മിറ്റി മുമ്പാകെ റിപ്പോർട്ട് നൽകേണ്ടതാണ്. (16.2.2010)

മിൽക്ക് ടാങ്കറുമായി ബന്ധപ്പെട്ട് സർവ്വകലാശാലയ്ക്ക് വന്ന ബാധ്യതയ്ക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥനെ വെറ്ററിനറി ഡീൻ ഇനിയും അറിയിച്ചിട്ടില്ലെന്ന് ഡയറി പ്ലാന്റ് മേധാവി അറിയിച്ചു.

ഇത് സംബന്ധിച്ച് വന്ന ബാധ്യത ഈടാക്കുന്നതിനായി വെറ്ററിനറി സർവ്വകലാശാല ഫിനാൻസ് ഓഫീസറുമായി ബന്ധപ്പെടാൻ കംപ്ട്രോളറെ ചുമതലപ്പെടുത്തി.(25.4.2014)

**മാടക്കത്തറ കശുമാവ് ഗവേഷണ കേന്ദ്രം**

<u>പാരഗ്രാഫ് 43</u>

XII -ാമത് അക്കൗണ്ട്സ് കമ്മിറ്റി 2001-02 ആഡിറ്റ് റിപ്പോർട്ടിലെ ഈ വിഷയത്തിലുള്ള ആഡിറ്റ് പരാമർശത്തിന്മേൽ തീരുമാനം ഉണ്ടാകുന്നതിനായി എക്സിക്യൂട്ടീവ് കമ്മിറ്റിയോട് ശുപാർശ ചെയ്തിരുന്നതായി കംപ്ട്രോളർ അറിയിച്ചു.

2003-04, 2004-05 എന്നീ വർഷങ്ങളിലെ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ സമാഹൃത റിപ്പോർട്ടിൽ ഈ വിഷയം ഉൾപ്പെടുത്തിയിട്ടുള്ളതും നിയമസഭ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി മുമ്പാകെ പരിഗണനയിലിരിക്കുന്നതുമാണെന്നും അറിയിച്ചു. സർക്കാർ അംഗീകാരം ലഭിക്കാത്തതിനാൽ 2005 മുതൽ കോമൺ റേഷ്യോ പ്രമോഷനുകൾ നൽകുന്നില്ല. സർക്കാരിന്റെ അംഗീകാരം ഇല്ലാത്ത സ്ഥിതിയിൽ നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയിൽ നിന്നും അനുകൂല തീരുമാനം പ്രതീക്ഷിക്കേണ്ടതില്ല എന്ന് കമ്മിറ്റി വിലയിരുത്തുന്നു. മാത്ര മല്ല സർക്കാരിന്റെ അനുമതി/സാധൂകരണം ലഭിക്കാത്ത സാഹചര്യത്തിൽ ഇതു തുടർന്നുകൊണ്ടുപോകുന്നത് ഉചിതമാണെന്ന് കമ്മിറ്റിക്ക് തോന്നുന്നില്ല. കൂടാതെ ആഡിറ്റ് പരാമർശങ്ങളുടെ വെളിച്ചത്തിൽ ഈ ആനുകൂല്യം കൈപ്പറ്റിയ ജീവനക്കാർ റിട്ടയർ ചെയ്യുന്ന കാലത്ത് ഈയിനത്തിൽ വാങ്ങിയ സംഖ്യ തിരിച്ചടക്കുവാൻ നിർബന്ധിതരാകും എന്ന സ്ഥിതിയിലെത്തുകയും ഇത് അവർക്ക് കൂടുതൽ ബുദ്ധിമുട്ടിലാക്കുകയും ചെയ്യുമെന്ന് കമ്മിറ്റി വിലയിരുത്തുന്നു.

ആയതുകൊണ്ട് താമസംകൂടാതെ സർക്കാരിന്റെ സാധൂകരണം വാങ്ങിക്കുകയോ സർക്കാർ അനുമതിയില്ലാതെ നൽകിയ കോമൺ റേഷ്യോ പ്രമോഷനുകൾ പുന:ക്രമീകരിക്കുന്നതു സംബന്ധിച്ച് സംഘടനകളുമായി ചർച്ച ചെയ്ത് അന്തിമ തീരുമാനം കൈക്കൊള്ളുകയോ ചെയ്യണമെന്ന് എക്സിക്യൂട്ടീവ് കമ്മിറ്റിയോട് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു. (16.2.2010)

കോമൺ റേഷ്യോയിലുൾപ്പെട്ട കാറ്റഗറികൾക്ക് 26/02/2011 ലെ സർക്കാർ ഉത്തരവ് (2009 ശമ്പള പരിഷ്കരണം) നം. ജി.ഒ.പി. 86/2011 പ്രകാരം 01/02/2011 നു ശേഷം സർക്കാർ സർവ്വീസിൽ നിലവിലില്ലാത്ത പ്രൊമോഷൻ നൽകുന്നില്ല. അതേ സമയം 01/02/2011 വരെ പ്രമോഷൻ ലഭിച്ചവർക്ക് തദനുസരണമുള്ള പുതുക്കിയ സ്കെയിൽ നൽകുന്നുണ്ട്. ഫലത്തിൽ 01/02/2011 വരെയുള്ള സർവ്വകലാശാലയുടെ നടപടി സർക്കാർ തത്വത്തിൽ അംഗീകരിച്ചിരിക്കുകയാണ്.

മാത്രവുമല്ല സർവ്വകലാശാല ഭരണ സമിതി തീരുമാനപ്രകാരം ഓഡിറ്റിന്റെ എതിർപ്പിനെ മറികടന്ന് പെൻഷൻ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. ഇക്കാരണത്താൽ കോമൺ റേഷ്യോ സംബന്ധിച്ച എതിർപ്പ് തുടരേണ്ട കാര്യമില്ലെന്ന് സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് സെക്ഷനിൽ നിന്നും അറിയിച്ചു.

2005-2006 ലെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിരിക്കുന്നതിനാൽ വിഷയം നിയമസഭാസമിതിയുടെ പരിഗണനയിലാണെന്നും നിയമസഭാ സമിതി എതിർപ്പ് പിൻവലിച്ചാൽ മാത്രമേ കോമൺ റേഷ്യോ സംബന്ധിച്ച എതിർപ്പ് ഒഴിവാക്കാൻ കഴിയുകയുള്ളൂ എന്നും ജോയിന്റ് ഡയറക്ടർ അഭിപ്രായപ്പെട്ടു.

മേൽസൂചിപ്പിച്ച മറുപടി സർവ്വകലാശാല നിയമസഭാ സമിതിക്കു നൽകിയതായും സമിതി തീരുമാനത്തിനായി കാത്തിരിക്കുകയാണെന്നും അറിയിപ്പുണ്ടായി. വിഷയം കമ്മിറ്റി വിശദമായി ചർച്ച ചെയ്തു. അന്തിമ തീരുമാനത്തിനായി, സർവ്വകലാശാല അക്കൗണ്ട്സ് കമ്മിറ്റിയുടെ അഭിപ്രായത്തോടെ ഇതു സംബന്ധിച്ച എതിർപ്പ് ഒഴിവാക്കുന്നതിനായി നിയമസഭാസമിതിയോടഭ്യർത്ഥിക്കുവാൻ തീരുമാനിച്ചു.

ഇനി കോമൺ റേഷ്യോ വിഷയവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളിന്മേൽ അക്കൗണ്ട്സ് കമ്മിറ്റി മുമ്പാകെ സ്റ്റേഷൻ മേധാവികളെ വിളിച്ചു വരുത്തേണ്ടതില്ല എന്നും തീരുമാനിച്ചു.(29.11.2013)

പാരഗ്രാഫ് 44

എൽ.ഡി.വി.ഡ്രൈവർമാർക്ക് 15 ക.മീറ്റർ പരിധിക്കുള്ളിലെ യാത്രക്ക് ടി.എ. നൽകുന്നത് അനുവദനീയമല്ല.

ഈയിനത്തിൽ നൽകിയ 765 രൂപ റിട്ടയർ ചെയ്ത എൽ.ഡി.വി.ഡ്രൈവർ ശ്രീ. പി. ഐ. റപ്പായിയുടെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്ന് പിടിക്കുവാൻ നടപടി സ്വീകരിച്ചതായി വിശദീകരിച്ചു. (Pen.B1/21203/07)

സംഖ്യ പിടിച്ചശേഷം ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധനക്ക് നൽകേണ്ടതാണ്.

ടി പരിശോധനക്ക് വിധേയമായി എതിർപ്പ് പിൻവലിച്ചു. (16.2.2010)

**മണ്ണുത്തി ഡയറി സയൻസ് കോളേജ്**

പാരഗ്രാഫ് 45

Remuneration paid to invigilators – not admitted.

വിശദീകരണം പരിശോധിച്ചു. ഈ വിഷയം ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി മുമ്പാകെ പരിഗണനയിലുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പരീക്ഷാജോലികൾക്ക് ഇപ്പോൾ പ്രതിഫലം നൽകുന്നില്ലെന്നറിയിച്ചു. മറ്റു സർവ്വകലാശാലകളിലെ സ്ഥിതി കൂടി കണക്കിലെടുത്ത് ഈ വിഷയം ഭരണസമിതി മുമ്പാകെ വെക്കുന്നതിന് അക്കാദമിക് ഡയറക്ടർക്ക് മുൻപേ നിർദ്ദേശം കൊടുത്തിട്ടുള്ളതാണെന്ന് കംപ്ട്രോളർ അറിയിച്ചു.

ഭരണസമിതി തീരുമാനം കാക്കാൻ തീരുമാനിച്ചു. (16.2.2010)

കോളേജിൽ നിന്നും പരീക്ഷാ ജോലിക്കായി പ്രതിഫലം വാങ്ങിയവരിൽ കുറച്ചു പേർ മാത്രമേ ഇപ്പോൾ ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്നുള്ളുവെന്നും അവരിൽ ഭൂരിഭാഗത്തിന്റേയും റിക്കവറി പൂർത്തിയായെന്നും മറ്റുള്ളവർ സ്ഥലം മാറി പോകുകയോ റിട്ടയർ ചെയ്യുകയോ ചെയ്തിരിക്കുകയാണെന്നും ബോധിപ്പിച്ചു.

റിക്കവർ ചെയ്യാൻ ബാക്കിയുള്ളവരുടെ പക്കൽ നിന്നും അടിയന്തിരമായി തുക ഈടാക്കാൻ വേണ്ട നടപടി എടുക്കാൻ കംപ്ട്രോളറെ ചുമതലപ്പെടുത്തി.(25.4.2014)

പാരഗ്രാഫ് 46

library Books – Foreign Books – Not received – Loss Rs.16,013/-

ആഡിറ്റ് പരാമർശത്തിലുള്ള ഈ വിഷയം 22.10.08 ൽ കൂടിയ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി യോഗം പരിഗണിക്കുകയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കിയതാണെന്നും അറിയിച്ചു.

സപ്ലൈ ചെയ്യാൻ സാധിക്കാത്ത പുസ്തകങ്ങളുടെ വിലക്ക് തുല്യമായ തുകക്ക് കോളേജിന് ആവശ്യമായ മറ്റു പുസ്തകങ്ങൾ വാങ്ങിക്കുകയും നഷ്ടം ഒഴിവാക്കുകയും ചെയ്തു എന്ന വിശദീകരണം കമ്മിറ്റി സ്വീകരിച്ചു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ തീരുമാനത്തിനു വിധേയമായി എതിർപ്പ് പിൻവലിച്ചു.

മേലാൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കരുതെന്ന് കമ്മിറ്റി നിർദ്ദേശിച്ചു (16.2.2010)

**യൂണിവേഴ്സിറ്റി ലൈവ്സ്റ്റോക്ക് ഫാം മണ്ണൂത്തി**

പാരഗ്രാഫ് 47 - ചാണകം വാങ്ങൽ

വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ എതിർപ്പ് പിൻവലിച്ചു. (16.2.2010)

പാരഗ്രാഫ് 48

Payment objected for want of original bill of medicines purchased – reg.

വിശദീകരണം സ്വീകരിച്ച് ഡെപ്യൂട്ടി ഡയറക്ടറുടെ സമ്മതത്തോടെ എതിർപ്പ് പിൻവലിച്ചു. (16.2.2010)

**ഹോർട്ടികൾച്ചറൽ കോളേജ്**

പാരാഗ്രാഫ് 49

കോമൺ റേഷ്യോ പ്രമോഷന്റെ അടിസ്ഥാനത്തിൽ കൂടുതൽ ശമ്പളവും മറ്റും നൽകിയത്.

16-2-2010ൽ കൂടിയ XIII--മത് അക്കൗണ്ട്സ് കമ്മിറ്റിയുടെ 6-ാമത് യോഗ തീരുമാനം ബാധകമാണ് (17.5.2010)

പാരാഗ്രാഫ് 50 : ക്വാർട്ടേഴ്സ് വാടക ഈടാക്കിയതിൽ കുറവ്.

വിശദീകരണം സ്വീകരിച്ചു. എതിർപ്പ് പിൻവലിച്ചു. (17.5.2010)

പാരാഗ്രാഫ് 51 ; Posting of Scientific Staff in excess of staff pattern – Additional expenditure incurred.

ഈ വിഷയം നിയമസഭ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലുള്ളതാണെന്ന് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. ലോക്കൽ

ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി മുമ്പാകെ കൊണ്ടു വരുന്നതിന് രണ്ടാമത് യോഗത്തിന് മുമ്പാകെ വെച്ച വിശദീകരണത്തിൽ പറഞ്ഞ കാര്യങ്ങൾ അധിക വിവരങ്ങളായി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ളതാണെന്ന് അറിയിച്ചു. മാത്രമല്ല XIII-ാമത് അക്കൗണ്ട്സ് കമ്മിറ്റിയുടെ 2-ാമത് യോഗം 2002-03 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിൽ വന്ന ഈ വിഷയം വിശദമായി പരിശോധിക്കുകയും സർവ്വകലാശാല എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടുകയുണ്ടായി. എക്സിക്യൂട്ടീവ് കമ്മിറ്റിയോട് അടിയന്തിരമായി തീരുമാനമെടുക്കണമെന്ന് ശുപാർശ ചെയ്തു. (17.5.2010)

പാരാഗ്രാഫ് - 52 : അനധികൃതമായി ജോലിക്ക് ഹാജരായില്ല. ഹാജരാകാത്ത ദിവസത്തേക്ക് കൂലി നൽകിയത്.

ശ്രീ. കെ. കെ. പ്രേമൻ, ശ്രീമതി. വി. എ. ഉമൈവ, ശ്രീമതി. കെ. ആർ. ഉമാവതി എന്നിവർ ജോലിക്ക് ഹാജരാകാതിരുന്ന ദിവസം 16-10-2009-ലെ Estt. (3)/5446/09 ഉത്തരവ് പ്രകാരം ക്രമീകരിച്ചതായും ശ്രീമതി. കദീജുമ്മ, ശ്രീ. എൻ. വി. ചന്ദ്രൻ എന്നിവർ ഈയിനത്തിൽ കൈപ്പറ്റിയ തുക അവരുടെ പെൻഷനിൽ നിന്നും തിരിച്ചു പിടിച്ചതായും വിശദീകരിച്ചു.

എതിർപ്പ് നിലനിർത്തേണ്ടതില്ല. (17.5.2010)

പാരാഗ്രാഫ് - 53 :സ്ഥിരം തൊഴിലാളികൾക്ക് തെറ്റായി സമയ ബന്ധിത ഗ്രേഡ് നൽകിയത് ശരിയാക്കി ക്രമീകരിക്കേണ്ടതാണ്.

ആഡിറ്റ് പരാമർശത്തിലുള്ള സ്ഥിരം തൊഴിലാളികൾക്ക് തെറ്റായി നൽകിയ സമയ ബന്ധിത ഹയർ ഗ്രേഡുകൾ 26-8-06-ലെ Estt. (3) 5312/2000 (1), 25-1-08-ലെ Estt. (3) 7399/2006, 14-12-09-ലെ Estt. (3) 8160/2009 നമ്പർ എന്നീ ഉത്തരവുകളനുസരിച്ച് ശരിയാക്കിയിട്ടുണ്ടെന്നും തിരിച്ചു പിടിക്കേണ്ട സംഖ്യ അറിയിക്കുമെന്നും വിശദീകരിച്ചു.

തിരിച്ചു പിടിക്കേണ്ട സംഖ്യ കണക്കാക്കി ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി 2 മാസത്തിനകം കമ്മിറ്റിയെ അറിയിക്കേണ്ടതാണ്. (17.5.2010)

പാരാഗ്രാഫ് - 54 : മുറി വാടക നൽകിയത് അനുവദനീയമല്ല

ഈയിനത്തിൽ കൈപ്പറ്റിയ 490/- രൂപ ഡോക്ടർ. വി. കെ. രാജു 65/47509 നമ്പർ രശീതി പ്രകാരം സർവ്വകലാശാല ഫണ്ടിൽ അടച്ചതായും ആയത് ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ചതായും അറിയിച്ചു.

എതിർപ്പ് പിൻവലിച്ചു. (17.5.2010)

പാരാഗ്രാഫ് - 55 - അഡ്വാൻസ് തുക ഉപയോഗിക്കാതെ തിരിച്ചടച്ചു.

അഡ്വാൻസ് കൈവശം വെച്ച കാലയളവിലേക്ക് പലിശയായി 450/- രൂപ 18-3-2010-ലെ 64/47509 നമ്പർ രശീതി പ്രകാരം ഡോക്ടർ.ആർ. കേശവചന്ദ്രൻ അടച്ചതായും ആയത് ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ചതായും അറിയിച്ചു.

എതിർപ്പ് പിൻവലിച്ചു. (17.5.2010)

പാരാഗ്രാഫ് - 56 : Electricity charge – exorbitant increase

ഈ വിഷയം 2003-04, 2005-06 വർഷങ്ങളിലെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതും നിയമസഭ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലുള്ളതാണെന്ന് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. കമ്മിറ്റി നിർദ്ദേശിച്ചതനുസരിച്ച് ഈ വിഷയത്തിൽ അധിക വിവരങ്ങൾ സർക്കാരിനും ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർക്കും സർവ്വകലാശാല സമർപ്പിച്ചിട്ടുണ്ടെന്നും അറിയിച്ചു. ഇലക്ട്രിസിറ്റി ചാർജ്ജിനത്തിൽ ക്രമാതീതമായ രീതിയിൽ വരുന്ന വർദ്ധനയിൽ കമ്മിറ്റി ഉത്കണ്ഠ രേഖപ്പെടുത്തി.

ഇലക്ട്രിസിറ്റി ഉപയോഗം പരിമിതപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ഊർജ്ജ സംരക്ഷണത്തിനായി ബോധവത്ക്കരണം നടത്തണമെന്നും കമ്മിറ്റി അഭിപ്രായപ്പെട്ടു. കോളേജുകളും വിവിധ സ്ഥാപനങ്ങളുമായും ചേർന്ന് എഞ്ചിനീയറിങ്ങ് വിഭാഗം നടപടി സ്വീകരിക്കേണ്ടതാണ്.

സർവ്വകലാശാലയുടെ ആഫീസുകളിലും കോളേജുകളിലും വിവിധ സ്ഥാപനങ്ങളിലും വെളിച്ചം തടയുന്ന തരത്തിലുള്ള കർട്ടനുകൾ ഒഴിവാക്കണമെന്നും ആളില്ലാത്ത സ്ഥലങ്ങളിലെ ലൈറ്റുകളും, ഫാനുകളും നിശ്ചയമായും ഓഫാക്കിയിട്ടുണ്ട് എന്ന് ഉറപ്പാക്കുവാനും എല്ലാവരും ശ്രദ്ധിക്കണമെന്നും കമ്മിറ്റി നിർദ്ദേശിച്ചു. ഈ നിലയിൽ തന്നെ ഊർജ്ജോപയോഗം കുറക്കുവാൻ സാധിക്കുമെന്നും അഭിപ്രായപ്പെട്ടു. നിലവിലുള്ളതിന് പകരം ഊർജ്ജ സംരക്ഷണത്തിനുതകുന്ന തരത്തിലുള്ള വിവിധ ഉപകരണങ്ങളും മറ്റും ഘട്ടംഘട്ടമായി മാറ്റി സ്ഥാപിക്കേണ്ടതാണ്.

സർവ്വകലാശാല എഞ്ചിനീയറിങ്ങ് വിഭാഗത്തിന്റെ കീഴിൽ ഒരു എനർജി മോണിട്ടറിങ്ങ് സംവിധാനം സ്ഥാപിക്കണമെന്നും ഈയിനത്തിലുള്ള ചിലവുകൾ കുറക്കുന്ന നടപടികൾ സ്വീകരിക്കണമെന്നും തീരുമാനിച്ചു. മാത്രമല്ല സർക്കാർ നയങ്ങൾക്കനുസരിച്ച് ഇലക്ട്രിസിറ്റി ചാർജ്ജ് കുറച്ചു കൊണ്ടു വരുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. (17.5.2010)

പാരാഗ്രാഫ് - 57 : കസ്റ്റംസ് നികുതി നൽകിയത്

വിശദീകരണം സ്വീകരിച്ചു.

എതിർപ്പ് പിൻവലിച്ചു. (17.5.2010)

പാരാഗ്രാഫ് - 58 : ചാണകം വാങ്ങിയത്:

വിശദീകരണം സ്വീകരിച്ചു. എതിർപ്പ് നിലനിർത്തേണ്ടതില്ല . (17.5.2010)

**സഹകരണ ബാങ്കിങ്ങ് കോളേജ്, വെള്ളാനിക്കര**

പാരാഗ്രാഫ് - 59

ടാക്സി വാടക - കൂടുതലായി കൈപ്പറ്റിയ 260/- രൂപ അനുവദനീയമല്ല

ഈയിനത്തിൽ കൂടുതലായി 260/- രൂപ കൈപ്പറ്റിയ ആഫീസർ 7-4-2010-ലെ 53/46210 നമ്പർ രശീതി പ്രകാരം സർവ്വകലാശാല ഫണ്ടിലേക്ക് അടച്ചിട്ടുള്ളതായും ആയത് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ചുറപ്പാക്കിയതായും അറിയിച്ചു

എതിർപ്പ് പിൻവലിച്ചു. (17.5.2010)

പാരാഗ്രാഫ് 60

യാത്രക്കിടെയുള്ള ഹാൾട്ടിന് ഡി.എ കൂടുതലായി കൈപ്പറ്റിയത് 250/- രൂപ അനുവദനീയമല്ല

അനുവദനീയമായ തുക മാത്രമേ കൈപ്പറ്റിയിട്ടുള്ളു എന്ന വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ എതിർപ്പ് നിലനിർത്തേണ്ടതില്ല എന്ന് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. എതിർപ്പ് പിൻവലിച്ചു. (17.5.2010)

**ഇൻസ്ട്രക്ഷണൽ ഫാം വെള്ളാനിക്കര**

പാരഗ്രാഫ് 61 Payees Receipt wanting payment objected – reg.

CBV 25.11.03 – 04 പ്രകാരം നൽകിയ തുക 10000ക യുടെ കെ.എ.യു. രശീതിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കി. CBV 45/10/03-04 -1464 ക CBV/65/03 – 04 – 1963/ എന്നീ ബില്ലുകളുടെ തുക നൽകിയതിന്റെ സാക്ഷ്യപത്രവും ഹാജരാക്കി ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ചു.

എതിർപ്പ് പിൻവലിച്ചു. (24.6.2010)

**കെ.എ.യു. എസ്റ്റേറ്റ്**

പാരഗ്രാഫ് 62: **Implementation of common ratio promotion excess paid**

ഈ വിഷയത്തിൽ (പാരഗ്രാഫ് 39 ആഡിറ്റ് റിപ്പോർട്ട് 2003 - 04) XIII ാമത് അക്കൗണ്ട്സ് കമ്മിറ്റി 16.2.2010 ലെ 6 ാമത് യോഗത്തിൽ എടുത്ത തീരുമാനം ബാധകമാണ്. (24.6.2010)

പാരഗ്രാഫ് 63 **Non functioning of Rubber factory – Sale of rubber latex**

ഈ ഖണ്ഡിക ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ സമാഹൃത റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുവാൻ വേണ്ട ശുപാർശ ചെയ്ത് ലോക്കൽഫണ്ട് ആഡിറ്റ് വകുപ്പ് ഡയറക്ടർക്ക് അയച്ചിട്ടുള്ളതാണെന്ന് ഡെപ്യൂട്ടി ഡയറക്ടർ കമ്മിറ്റി മുമ്പാകെ അറിയിച്ചു.

പരാമർശവും മറുപടിയും കമ്മിറ്റി വിശദമായി ചർച്ച ചെയ്തു.

എസ്റ്റേറ്റിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമായി നടത്തികൊണ്ടു പോകുവാൻ സാധിക്കുമോ എന്ന് ഈ മേഖലയിൽ പരിചയ സമ്പന്നനായ ഒരാളുടെ ഉപദേശം സ്വീകരിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്. (24.6.2010).

**തീരുമാനം**

കമ്മിറ്റിയുടെ മുൻ തീരുമാനപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കാൻ എസ്റ്റേറ്റ് ആഫീസറെ ഓർമ്മപ്പെടുത്തേണ്ടതാണ്.(17.1.2011)

## പാരഗ്രാഫ് 64 Unnecessary payment of current charges in respect of rubber factory – Disallowed Rs. 51660/-

ഈ വിഷയം ലോക്കൽ ഫണ്ട് ആഡിറ്റ് സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ളതും നിയമസഭ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലുമുള്ളതാണ് എന്ന് അറിയിച്ചു.

ഖണ്ഡികയിലെ പരാമർശം കമ്മിറ്റി വിശദമായി ചർച്ച ചെയ്തു. ഈ വിഷയത്തിൽ സർവ്വകലാശാലയുടെ വിവിധ ആഫീസുകളിൽ സമയ ബന്ധിതമായി നടപടികൾ സ്വീകരിച്ചിരുന്നെങ്കിൽ ഈ നഷ്ടം ഒഴിവാക്കാമായിരുന്നുവെന്ന് കമ്മിറ്റി വിലയിരുത്തി. മാത്രമല്ല ഉത്കണ്ഠയും രേഖപ്പെടുത്തി.

ഇനിയെങ്കിലും ഉത്തരം വീഴ്ചകൾ ഒഴിവാക്കേണ്ടതാണ്

ഇങ്ങിനെയുള്ള ബാധ്യത ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കണമെന്നു ഒരു സർക്കുലർ പുറപ്പെടുവിക്കേണ്ടതാണ്. (24.6.2010)

**കെ.എ.യു. സെൻട്രൽ ലൈബ്രറി, വെള്ളാനിക്കര**

പാരാഗ്രാഫ് 65

സർക്കാർ അനുമതിയില്ലാതെ കോമൺ റേഷ്യോ പ്രമോഷൻ നൽകിയത് അനുവദനീയമല്ല

ഈ വിഷയം ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ 200304 വർഷങ്ങളിലെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതും നിയമസഭ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലുള്ളതുമാണെന്ന് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. ആഡിറ്റ് റിപ്പോർട്ട് 2003-04 പാരഗ്രാഫ് 43-ലുള്ള ഇതേ വിഷയത്തിൽ 16-2-2010-ൽ കൂടിയ 6-ാമത് യോഗത്തിലെടുത്ത തീരുമാനം ബാധകമാണ്. (17.5.2010)

കോമൺ റേഷ്യോയിലുൾപ്പെട്ട കാറ്റഗറികൾക്ക് 26/02/2011 ലെ സർക്കാർ ഉത്തരവ് (2009 ശമ്പള പരിഷ്കരണം) നം. ജി.ഒ.പി. 86/2011 പ്രകാരം 01/02/2011 നു ശേഷം സർക്കാർ സർവ്വീസിൽ നിലവിലില്ലാത്ത പ്രൊമോഷൻ നൽകുന്നില്ല. അതേ സമയം 01/02/2011 വരെ പ്രമോഷൻ ലഭിച്ചവർക്ക് തദനുസരണമുള്ള പുതുക്കിയ സ്കെയിൽ നൽകുന്നുണ്ട്. ഫലത്തിൽ 01/02/2011 വരെയുള്ള സർവ്വകലാശാലയുടെ നടപടി സർക്കാർ തത്വത്തിൽ അംഗീകരിച്ചിരിക്കുകയാണ്.

മാത്രവുമല്ല സർവ്വകലാശാല ഭരണ സമിതി തീരുമാനപ്രകാരം ഓഡിറ്റിന്റെ എതിർപ്പിനെ മറികടന്ന് പെൻഷൻ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. ഇക്കാരണത്താൽ കോമൺ റേഷ്യോ സംബന്ധിച്ച എതിർപ്പ് തുടരേണ്ട കാര്യമില്ലെന്ന് സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് സെക്ഷനിൽ നിന്നും അറിയിച്ചു.

2005-2006 ലെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിരിക്കുന്നതിനാൽ വിഷയം നിയമസഭാസമിതിയുടെ പരിഗണനയിലാണെന്നും നിയമസഭാ സമിതി എതിർപ്പ് പിൻവലിച്ചാൽ മാത്രമേ കോമൺ റേഷ്യോ സംബന്ധിച്ച എതിർപ്പ് ഒഴിവാക്കാൻ കഴിയുകയുള്ളൂ എന്നും ജോയിന്റ് ഡയറക്ടർ അഭിപ്രായപ്പെട്ടു.

മേൽസൂചിപ്പിച്ച മറുപടി സർവ്വകലാശാല നിയമസഭാ സമിതിക്കു നൽകിയാതായും സമിതി തീരുമാനത്തിനായി കാത്തിരിക്കുകയാണെന്നും അറിയിപ്പുണ്ടായി. വിഷയം കമ്മിറ്റി വിശദമായി ചർച്ച ചെയ്തു. അന്തിമ തീരുമാനത്തിനായി, സർവ്വകലാശാല അക്കൗണ്ട്സ് കമ്മിറ്റിയുടെ അഭിപ്രായത്തോടെ ഇതു സംബന്ധിച്ച എതിർപ്പ് ഒഴിവാക്കുന്നതിനായി നിയമസഭാസമിതിയോടഭ്യർത്ഥിക്കുവാൻ തീരുമാനിച്ചു.

ഇനി കോമൺ റേഷ്യോ വിഷയവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളിന്മേൽ അക്കൗണ്ട്സ് കമ്മിറ്റി മുമ്പാകെ സ്റ്റേഷൻ മേധാവികളെ വിളിച്ചു വരുത്തേണ്ടതില്ല എന്നും തീരുമാനിച്ചു.(29.11.2013)

**കെ.എ.യു. സ്കൂൾ, വെള്ളാനിക്കര**

പാരാഗ്രാഫ് 66

2003 - 04 വർഷത്തേക്ക് എംപ്ലോയമെന്റ് എക്സ്ചേഞ്ച് മുഖേന താൽകാലികമായി നിയമിച്ച അദ്ധ്യാപകർക്ക് ഉയർന്ന നിരക്കിൽ ശമ്പളം നൽകിയത്.

സർവ്വകലാശാല എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനപ്രകാരം നൽകിയ ശമ്പളസെക്യിലിലെ നിരക്കിലാണ് താൽകാലികമായി എംപ്ളോയമെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ച അദ്ധ്യാപകർക്ക് ശമ്പളം നൽകിയതെന്ന് വിശദീകരിച്ചു.

ഈ വിഷയം നിയമസഭ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി മുമ്പാകെയുള്ളതാണെന്ന് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. സർവ്വകലാശാല XIII -ാമത് അക്കൗണ്ട്സ് കമ്മിറ്റി 2-ാമത് യോഗം ഈ വിഷയം വിശദമായി ചർച്ച ചെയ്ത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പരിഗണനക്ക് വിട്ടതാണ്. (17.5.2010)

പാരാഗ്രാഫ് 67 - കൈപ്പറ്റു രശീതി ഹാജരാക്കിയില്ല

ലൈഫ് ഇൻഷുറൻസ് പ്രീമിയം ഇനത്തിൽ അടച്ച 40,852/-രൂപ കൈപ്പറ്റിയതായി 21-4-2006-ലെ കത്തു പ്രകാരം ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ അറിയിച്ചിട്ടുള്ളതായും ആയത് ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ചതായും വിശദീകരിച്ചു. പരാമർശം ഒഴിവാക്കി. (17.5.2010)

**ഫിസിക്കൽ പ്ലാന്റ് ഡയറക്ടറേറ്റ്**

പാരാഗ്രാഫ് 68

സർക്കാർ അനുമതിയില്ലാതെ ഓവർസിയർമാർക്ക് ഉയർന്ന ശമ്പള സ്കെയിൽ നൽകിയത്.

സർക്കാർ മാനദണ്ഡങ്ങളുടെ ലംഘനം

XIII-മത് അക്കൗണ്ട്സ് കമ്മിറ്റിയുടെ 16-2-2010-ൽ കൂടിയ 6-ാമത് യോഗം ഈ വിഷയം വിശദമായി ചർച്ച ചെയ്തതാണ്. അന്നത്തെ തീരുമാനം ബാധകമാണ്. (17.5.2010)

പാരാഗ്രാഫ് -69

വിവിധ കാറ്റഗറിയിലുള്ള ജീവനക്കാർക്ക് കോമൺ റേഷ്യോ പ്രമോഷൻ നൽകിയത് അനുവദനീയമല്ല.

16-2-2010-ൽ കൂടിയ XIII-മത് അക്കൗണ്ട്സ് കമ്മിറ്റിയുടെ 6-ാമത് യോഗ തീരുമാനം ബാധകമാണ്. (17.5.2010)

പാരാഗ്രാഫ് - 70

T.A exceeded the ceiling – Disallowed – Rs.37,493/-

എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകാരത്തോടെ വകവെച്ചു കൊടുക്കാവുന്നതാണ് എന്ന് ശുപാർശ ചെയ്തു. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മുമ്പാകെ തീരുമാനത്തിനായി കൊണ്ടു വരേണ്ടതാണ്. (17.5.2010)

പാരാഗ്രാഫ് - 71 - അഡ്വാൻസ് ക്രമീകരിച്ചില്ല

അഡ്വാൻസ് തുക 5-6-2004 ലെ A5/926/04 ഉത്തരവ് പ്രകാരം ക്രമീകരിച്ചതായും (CBV No. 29/7-04 തീയതി 26-7-04) ആയത് ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ചുറപ്പാക്കിയതായും വിശദീകരിച്ചു. എതിർപ്പ് പിൻവലിച്ചു. (17.5.2010)

ഖണ്ഡിക 72 (ഓഡിറ്റ് നോട്ട്) ലോഗ്ബുക്ക് നല്കിയില്ല

ലോഗ്ബുക്കുകൾ പ്രീവെരിഫിക്കേഷൻ സമയത്ത് ഹാജരാക്കിയതായി അറിയിച്ചു. എതിർപ്പ് പിൻവലിച്ചു.(13.1.2014)

**മെക്കാനിക്കൽ സബ് ഡിവിഷൻ, വെള്ളാനിക്കര**

പാരാഗ്രാഫ് 73

കോമൺ റേഷ്യോ പ്രമോഷൻ അനുവദനീയമല്ല.

16-2-2010-ൽ കൂടിയ XIII-മത് അക്കൗണ്ട്സ് കമ്മിറ്റിയുടെ 6-ാമത് യോഗ തീരുമാനം ബാധകമാണ്(17.5.2010)

കോമൺ റേഷ്യോയിലുൾപ്പെട്ട കാറ്റഗറികൾക്ക് 26/02/2011 ലെ സർക്കാർ ഉത്തരവ് (2009 ശമ്പള പരിഷ്കരണം) നം. ജി.ഒ.പി. 86/2011 പ്രകാരം 01/02/2011 നു ശേഷം സർക്കാർ സർവ്വീസിൽ നിലവിലില്ലാത്ത പ്രൊമോഷൻ നൽകുന്നില്ല. അതേ സമയം 01/02/2011 വരെ പ്രമോഷൻ ലഭിച്ചവർക്ക് തദനുസരണമുള്ള പുതുക്കിയ സ്കെയിൽ നൽകുന്നുണ്ട്. ഫലത്തിൽ 01/02/2011 വരെയുള്ള സർവ്വകലാശാലയുടെ നടപടി സർക്കാർ തത്വത്തിൽ അംഗീകരിച്ചിരിക്കുകയാണ്.

മാത്രവുമല്ല സർവ്വകലാശാല ഭരണ സമിതി തീരുമാനപ്രകാരം ഓഡിറ്റിന്റെ എതിർപ്പിനെ മറികടന്ന് പെൻഷൻ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. ഇക്കാരണത്താൽ കോമൺ റേഷ്യോ സംബന്ധിച്ച എതിർപ്പ് തുടരേണ്ട കാര്യമില്ലെന്ന് സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് സെക്ഷനിൽ നിന്നും അറിയിച്ചു.

2005-2006 ലെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിരിക്കുന്നതിനാൽ വിഷയം നിയമസഭാസമിതിയുടെ പരിഗണനയിലാണെന്നും നിയമസഭാ സമിതി എതിർപ്പ് പിൻവലിച്ചാൽ മാത്രമേ കോമൺ റേഷ്യോ സംബന്ധിച്ച എതിർപ്പ് ഒഴിവാക്കാൻ കഴിയുകയുള്ളൂ എന്നും ജോയിന്റ് ഡയറക്ടർ അഭിപ്രായപ്പെട്ടു.

മേൽസൂചിപ്പിച്ച മറുപടി സർവ്വകലാശാല നിയമസഭാ സമിതിക്കു നൽകിയാതായും സമിതി തീരുമാനത്തിനായി കാത്തിരിക്കുകയാണെന്നും അറിയിപ്പുണ്ടായി. വിഷയം കമ്മിറ്റി വിശദമായി ചർച്ച ചെയ്തു. അന്തിമ തീരുമാനത്തിനായി, സർവ്വകലാശാല അക്കൗണ്ട്സ് കമ്മിറ്റിയുടെ അഭിപ്രായത്തോടെ ഇതു സംബന്ധിച്ച എതിർപ്പ് ഒഴിവാക്കുന്നതിനായി നിയമസഭാസമിതിയോടഭ്യർത്ഥിക്കുവാൻ തീരുമാനിച്ചു.

ഇനി കോമൺ റേഷ്യോ വിഷയവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളിന്മേൽ അക്കൗണ്ട്സ് കമ്മിറ്റി മുമ്പാകെ സ്റ്റേഷൻ മേധാവികളെ വിളിച്ചു വരുത്തേണ്ടതില്ല എന്നും തീരുമാനിച്ചു (29.11.2013)

പാരാഗ്രാഫ് - 74 : ഓവർസിയർമാർക്ക് ഉയർന്ന ശമ്പള സ്കെയിൽ നൽകിയത് സർക്കാർ അംഗികാരം കിട്ടിയില്ല

16-2-2010-ൽ കൂടിയ XIII-മത് അക്കൗണ്ട്സ് കമ്മിറ്റിയുടെ 6-ാമത് യോഗ തീരുമാനം ബാധകമാണ് (17.5.2010)

പാരാഗ്രാഫ് - 75

ഇരുചക്ര വാഹനം ഉപയോഗിക്കാതെ സൂക്ഷിച്ചത്.

വിശദീകരണം സ്വീകരിച്ചു. എതിർപ്പ് ഒഴിവാക്കി. (17.5.2010)

**വെള്ളാനിക്കര ഹോർട്ടികൾച്ചർ കോളേജ്/ഒലരികൾച്ചർ ഡിപ്പാർട്ട്മെന്റ്**

പാരാഗ്രാഫ് - 76 : കോമൺ റേഷ്യോ പ്രമോഷൻ

16-2-2010-ൽ കൂടിയ XIII-മത് അക്കൗണ്ട്സ് കമ്മിറ്റിയുടെ 6-ാമത് യോഗ തീരുമാനം ബാധകമാണ് (17.5.2010)

**വെള്ളാനിക്കര എഞ്ചിനീയറിങ്ങ് സബ് ഡിവിഷൻ**

പാരാഗ്രാഫ് 77

ഓവർസിയർമാർക്ക് സർക്കാർ അനുമതിയില്ലാതെ ഉയർന്ന ശമ്പള സ്കെയിൽ നൽകിയത്.

16-2-2010-ൽ കൂടിയ XIII-മത് അക്കൗണ്ട്സ് കമ്മിറ്റിയുടെ 6-ാമത് യോഗ തീരുമാനം ബാധകമാണ് (17.5.2010)

**അഗ്രോണമിക് റിസർച്ച് സ്റ്റേഷൻ, ചാലക്കുടി**

പാരാഗ്രാഫ് 79

പരിവർത്തിതാവധി നൽകിയത് ക്രമവിരുദ്ധം

തെറ്റായി അനുവദിച്ച പരിവർത്തിതാവധി അർദ്ധ വേതനാവധിയായി ക്രമപ്പെടുത്തി ശമ്പള ഇനത്തിൽ കൂടുതലായി നൽകിയ 709/- രൂപ 5-10-2009-ലെ 57/42348 നമ്പർ രശീതി പ്രകാരം സർവ്വകലാശാല ഫണ്ടിൽ ഒടുക്കിയതായും സർവ്വീസ് പുസ്തകത്തിൽ വേണ്ടതായ തിരുത്തലുകൾ നടത്തിയതായും വിശദീകരിച്ചു. എതിർപ്പ് പിൻവലിച്ചു. (17.5.2010)

**യൂണിവേഴ്സിറ്റി വെറ്റനറി ഹോസ്പിറ്റൽ, കൊക്കാലെ**

പാരാഗ്രാഫ് 80

കോമൺ റേഷ്യോ Action not initiated in the case of retired employee

Shri. K.S. Radhakrishnan, Attendant.

ആഡിറ്റ് പരാമർശമനുസരിച്ച് റിട്ടയർ ചെയ്ത അറ്റന്റന്റ് ശ്രീ. കെ. എസ്. രാധാകൃഷ്ണന്റെ ശമ്പളം പുനക്രമീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ശമ്പള ഇനത്തിൽ അധികം കൈപ്പറ്റിയതായ 4,546/- രൂപ ടിയാന്റെ D.C.R.G-യിൽ നിന്നും 27-11-2003-ലെ Pen.A2/1591/2003 (1) നമ്പർ ഉത്തരവ് പ്രകാരം കുറവ് ചെയ്ത് സർവ്വകലാശാല ഫണ്ടിൽ Account No. 57006546701 മുതൽ കൂട്ടിയതായി വിശദീകരിച്ചു.

ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധനക്ക് വിധേയമായി എതിർപ്പ് പിൻവലിച്ചു. (17.5.2010)

**വാഴ ഗവേഷണ കേന്ദ്രം കണ്ണാറ**

പാരാഗ്രാഫ് 81

Theft of receipt book with cash.

നഷ്ടപ്പെട്ട സംഖ്യ 2,332/- രൂപയും 12% പലിശ 898/- രൂപ കൂടി മൊത്തം 3,130/- 10-5-2007-ലെ 14/41166 നമ്പർ രശീതി പ്രകാരം സർവ്വകലാശാല ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്.

രശീതി പുസ്തകവും സംഖ്യയും നഷ്ടപ്പെട്ട കാര്യം പോലീസിൽ അറിയിക്കുകയുണ്ടായതായും രശീതി പുസ്തകം ദുരുപയോഗം ചെയ്തിട്ടില്ല എന്നുറപ്പാക്കുവാൻ 24-6-2006-ലെ GA-L (3) 41934/05 നമ്പർ സർവ്വകലാശാല ഉത്തരവനുസരിച്ച് ഒരു അന്വേഷണം നടത്തുകയും ചെയ്തതായി വിശദീകരിച്ചു. മാത്രമല്ല ഇങ്ങിനെയുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സർവ്വകലാശാല നിർദ്ദേശമനുസരിച്ച് നടപടികൾ സ്വീകരിച്ചതായും കേന്ദ്രം മേധാവി വിശദീകരിച്ചു.

പ്രധാനപ്പെട്ട രേഖകൾ കൈമോശം വരാതെ നോക്കണമെന്നും മേലാൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കരുതെന്ന നിർദ്ദേശത്തോടെയും വിശദീകരണം സ്വീകരിച്ചു കൊണ്ടും എതിർപ്പ് പിൻവലിച്ചു. (17.5.2010)

## സെൻട്രൽ നഴ്സറി ആന്റ് കാമ്പസ് ഡവലപ്പ്മെന്റ്

**പാരാഗ്രാഫ് 82 : സറണ്ടർ ലീവ് സാലറിയോടൊപ്പം സ്പെഷൽ അലവൻസ് നൽകിയത് അനുവദനീയമല്ല**

ഈയിനത്തിൽ കൈപ്പറ്റിയ 66 ക. 13.08.09 ലെ 53/46151 നമ്പർ രശീതി പ്രകാരം സർവ്വകലാശാല അക്കൗണ്ടിൽ തിരിച്ചടച്ചതായും ആയത് ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ചതായും അറിയിച്ചു. എതിർപ്പ് പിൻവലിച്ചു. (24.6.2010)

**പാരഗ്രാഫ് 83 ടു 85**

നഴ്സറിയിലെ ഫാം ജോലികളിലെയും പർച്ചേയ്സുകളിലേയും ക്രമക്കേടുകൾ സംബന്ധിച്ച ഈ ഖണ്ഡികകൾ കമ്മിറ്റി വിശദമായി ചർച്ച ചെയ്തു.

സെൻട്രൽ നഴ്സറി മേധാവിയായ ഡോക്ടർ അരവിന്ദാക്ഷൻ ടിയാൻ ചാർജ് എടുക്കുന്നതിനു മുമ്പേ ഫാമിലേക്ക് വാങ്ങിയതെന്നു പറയുന്ന വസ്തുക്കളുടെ ഇൻവോയ്സുകൾ തീർപ്പാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കമ്മിറ്റി മുമ്പാകെ അവതരിപ്പിച്ചു. ഇൻവോയ്സരിച്ചുള്ള പല വസ്തുക്കളും ഈ ഫാമിലെ കണക്കിൽ ചേർക്കാത്തതാണ്. ഈ സാഹചര്യത്തിൽ ഇൻവോയ്സുകൾ അനുസരിച്ചുള്ള തുകകൾ സർവ്വകലാശാല അക്കൗണ്ടിൽ നിന്ന് കൊടുക്കുന്നത് ഉചിതമല്ലെന്നും പറഞ്ഞു. ക്രമക്കേടുകൾക്ക് ഉത്തരവാദപ്പെട്ടവർക്കെതിരെ ഡിപ്പാർട്ട്മെന്റിലായി നടപടി സ്വീകരിച്ചിട്ടില്ലെന്നും അറിയിച്ചു.

2005 - 06 ലെ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ സമാഹൃത റിപ്പോർട്ടിൽ ഈ വിഷയം ഉൾപ്പെടുത്തിയതായും നിയമസഭ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണന യിലുള്ളതാണെന്ന് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

സർവ്വകലാശാല എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനപ്രകാരം 23.11.09 ൽ മുൻ മേധാവി ഡോക്ടർ ബാബു ഫിലിപ്പിനെ സർവ്വീസിൽ നിന്നും സസ്പെന്റു ചെയ്യുകയും ക്രമക്കേടുകളെ സംബന്ധിച്ച വിജിലൻസ് അന്വേഷണത്തിനായി സർവ്വകലാശാല വിജിലൻസ് ഡയറക്ടർക്ക് കൊടുത്തിട്ടുണ്ടെന്നും അറിയിച്ചു. ഈ സാഹചര്യത്തിൽ വിജിലൻസ് അന്വേഷണം ത്വരിത പ്പെടുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

ക്രമക്കേടുകളുടെ വ്യാപ്തി കണക്കിലെടുത്ത് സർവ്വകലാശാലക്കു വന്ന നഷ്ടം കണക്കാക്കി ഉത്തരവാദികളായവരുടെ പേരിൽ അച്ചടക്ക നടപടി എടുക്കാത്തതിലും സർവ്വകലാശാലക്കുണ്ടായ നഷ്ടം ഈടാക്കുവാനുള്ള നടപടി വൈകുന്നതിലും കമ്മിറ്റി അതൃപ്തി രേഖപ്പെടുത്തി.

മുൻപേ സെൻട്രൽ നഴ്സറിയിലേക്ക് സപ്ലൈ നൽകിയതിനുള്ള ഇൻവോയ്സുകൾ/ ബില്ലുകൾ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. സർവ്വകലാശാലക്ക് പുറത്തു നിന്നുള്ള ഇൻവോയ്സുകൾ അനുസരിച്ചു തുക നൽകുന്നത് വൈകുന്നതിനാൽ നിയമ നടപടി സ്വീകരിക്കുമെന്ന് പല സ്ഥാപനങ്ങളും നോട്ടീസ് നൽകിയതായി മേധാവി കമ്മിറ്റി മുമ്പാകെ ബോധിപ്പിച്ചു.

സർവ്വകലാശാലക്ക് നിന്നു പുറത്തുള്ള ഏജൻസികളിൽ നിന്നും വന്ന ഇൻവോയ്സുകൾ/ ബില്ലുകൾ താമസം കൂടാതെ നടപടി ക്രമങ്ങൾ പാലിച്ച് മുൻഗണനാടിസ്ഥാനത്തിൽ തീർപ്പാക്കേണ്ടതാണ്. ആയതിനു ശേഷം സർവ്വകലാശാലക്ക് അകത്തു നിന്നുള്ള ഇൻവോയ്സുകളും തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (24.6.2010)

പാരാഗ്രാഫ് 83 – 85

സെന്റ്രൽ നഴ്സറിയിലെ ക്രമക്കേടുമായി ബന്ധപ്പെട്ട വിജിലൻസ് എൻക്വയറി ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.(17.1.2011)

ഉപരിവിഷയങ്ങൾ സംബന്ധിച്ച ഫയലുകളും ബന്ധപ്പെട്ട റിക്കാർഡുകളുംവിജിലൻസ് കണ്ടുകെട്ടിയിരിക്കയാണെന്നും ആയതിനാൽ കൂടുതൽ വിശദീകരണം നൽകാൻ ഇപ്പോൾ കഴിയുകയില്ല എന്ന് കേന്ദ്രം മേധാവി അറിയിച്ചു.

വിജിലൻസിന്റെ നടപടിക്രമങ്ങൾ പൂർത്തിയായ ശേഷം കമ്മിറ്റിയെ അറിയിക്കേണ്ടതാണ്. (13.1.2014)

**കെ.എ.യു. ഹെഡ്ക്വാർട്ടേഴ്സ്**

പാരഗ്രാഫ് 86 Receipts kept Blank

വിശദീകരണം സ്വീകരിച്ചു എതിർപ്പ് പിൻവലിച്ചു. (24.6.2010)

***പാരാഗ്രാഫ് 87*** irregular promotion posts sanctioned to Typist category Non adherence of Government Director

വിശദീകരണം പരിശോധിച്ചു. സർക്കാരിന്റെ അംഗീകാരം വാങ്ങിക്കേണ്ടതാണ്. (24.6.2010)

***പാരഗ്രാഫ് 88*** : Advertisement charges paid – invoices and cash receipt Not produced.

വിശദീകരണം സ്വീകരിച്ചു കൊണ്ട് എതിർപ്പ് പിൻവലിച്ചു. (24.6.2010)

***പാരഗ്രാഫ് 89*** : Erratum published in Newspaper – Expenditure objected.

വിശദീകരണം തൃപ്തികരമല്ല. ശ്രദ്ധയോടെയും മനസിരുത്തിയും പരസ്യം തയ്യാറാക്കിയിരുന്നെങ്കിൽ ഇങ്ങിനെയുള്ള ചിലവ് ഒഴിവാക്കാമായിരുന്നു. കമ്മിറ്റി അതൃപ്തി രേഖപ്പെടുത്തി.

വിശദമായ മറുപടി ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകേണ്ടതുണ്ട്. പിന്നീട് കമ്മിറ്റി പരിഗണിക്കുന്നതുമാണ്. (24.6.2010)

മേലാൽ ഇത്തരം വീഴ്ചകൾ സംഭവിക്കരുതെന്ന നിർദ്ദേശത്തോടെ എതിർപ്പ് പിൻവലിച്ചു. (17/01/2011)

പാരഗ്രാഫ് 90 : Demand Draft Returned

പരാമർശത്തിലുള്ള തുക 200 ക 4.11.03 ൽ സർവ്വകലാശാലയുടെ SBT, Vellanikkara യിലെ current Account No. 40001 ൽ അടച്ചിട്ടുള്ളതാണ്. ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ചു. എതിർപ്പ് പിൻവലിച്ചു. (24.6.2010)

പാരഗ്രാഫ് 91 : Travelling allowance paid not adjusted.

മുൻ വിജ്ഞാന വ്യാപന വിഭാഗം ഡയറക്ടറായിരുന്ന ഡോ. എ. ഐ. ജോസ് വാങ്ങിയ റ്റി. എ. അഡ്വാൻസ്. CBV 183/11/2003 പ്രകാരം ക്രമീകരിച്ചിട്ടുണ്ടെന്ന് വിശദീകരിച്ചു.

എൽ. എഫ്. എ. ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധനക്ക് വിധേയമായി എതിർപ്പ് പിൻവലിച്ചു. (24.6.2010)

**വെള്ളായണി അഗ്രികൾച്ചർ കോളേജ്**

പാരഗ്രാഫ് 92

ഗസ്റ്റ് ഹൗസിലെ കെയർ ടേക്കർ ആയ ശ്രീ. രാജഗോപാലൻ നായർക്ക് വേതനം അധികമായി നൽകിയത് 1481 രൂപ അനുവദനീയമല്ല.

92 (i) അധിക വേതനമായി കൊടുത്തത് 1094/-ക. അനുവദനീയമല്ല.

4.11.97 മുതൽ ഒരു വർഷ കാലത്തേക്ക് കരാറടിസ്ഥാനത്തിൽ നിയമിച്ച കെയർ ടേക്കറെ കാലാവുധി പൂർത്തിയാക്കിയ 3.11.98 ന് പിരിച്ചു വിടാതിരുന്നത് കോളേജു മേധാവിയായ ഡീനിന്റെ ഭാഗത്തു നിന്നും വന്ന വീഴ്ചയാണെന്ന് കമ്മിറ്റി വിലയിരുത്തുന്നു. ടിയാനെ കാലാവുധിക്കുശേഷം തുടരാൻ അനുവദിച്ചതിന് സർവ്വകലാശാലയിൽ നിന്നും സാധൂകരണം വാങ്ങിക്കാത്തതും ശരിയായില്ല. ടിയാനെ കരാർ കാലാവധി പൂർത്തീകരിച്ച ദിവസം തന്നെ പിരിച്ചുവിടാതിരുന്നതിനുള്ള വിശദീകരണം കമ്മിറ്റി മുമ്പാകെ ഡീൻ സമർപ്പിക്കേണ്ടതാണ്. (13.11.2009)

13/11/2009 ൽ കൂടിയ അക്കൗണ്ട്സ് കമ്മിറ്റി യോഗതീരുമാനപ്രകാരം ഡീൻ സമർപ്പിച്ച റിപ്പോർട്ട് കമ്മിറ്റി പരിശോധിച്ചു.

വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ആഡിറ്റ് പരാമർശം ഒഴിവാക്കുവാൻ തീരുമാനിച്ചു.

പാരഗ്രാഫ് 92 (ii)

1999 മാർച്ച് മാസത്തിൽ കൂടിയ നിരക്കിൽ വേതനം 387/- നൽകിയത് - അനുവദനീയമല്ല.

31/03/1998ലെ ജി എ ബി 2-5670/1998 നമ്പർ സർവ്വകലാശാല ഉത്തരവനുസരിച്ചാണ് കൂടിയ നിരക്കിൽ വേതനം നൽകിയതെന്ന വിശദീകരണം സ്വീകരിച്ചു. എതിർപ്പ് പിൻവലിച്ചു. (13.11.2009)

പാരഗ്രാഫ് 93:

പരീക്ഷ സംബന്ധമായ ജോലികൾക്ക് അദ്ധ്യാപകർക്ക് പ്രതിഫലം നൽകിയത് സംബന്ധിച്ച്.

ഈ വിഷയം പൊതുവായി എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ വെക്കുന്നതിന് അക്കാഡമിക്ക് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും കംപ്ട്രോളർ അറിയിച്ചു. (13.11.2009)

പാരഗ്രാഫ് 94:

മെസ് ജോലിക്കാർക്കുള്ള ചിലവ് സർവ്വകലാശാല ഫണ്ടിൽ നിന്ന് നൽകിയതു സംബന്ധിച്ച്.

വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട്, ഡെപ്യൂട്ടി ഡയറക്ടർ 09/05/2008 ലെ LF/KAU/SC2/637/2008 നമ്പർ കത്ത് പ്രകാരം എതിർപ്പ് ഒഴിവാക്കിയിട്ടുണ്ടെന്ന് അറിയിച്ചു. മേൽ നടപടി ആവശ്യമില്ല. (13.11.2009)

പാരഗ്രാഫ് 95:

സ്റ്റേഷനറി, കെമിക്കൽസ് എന്നിവയുടെ വാങ്ങൽ ക്വട്ടേഷനുകളിലെ അപാകത സംബന്ധിച്ച്.

വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ കീഴ്‌വഴക്കമായി കണക്കാക്കരുതെന്ന വ്യവസ്ഥയിൽ ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ സമ്മതത്തോടെ എതിർപ്പ് പിൻവലിച്ചു. (13.11.2009)

**എൻ.എ.ആർ.പി (SR) വെള്ളായണി on NATP Project**

പാരഗ്രാഫ് 96

സോണി ഡിജിറ്റൽ ഹാന്റികാം വാങ്ങിയതിലെ ക്രമക്കേടുകൾ

വിശദീകരണം കമ്മറ്റി സമഗ്രമായി ചർച്ച ചെയ്തു.

വിശദീകരണം സ്വീകരിച്ച് ഡെപ്യൂട്ടി ഡയറക്ടറുടെ സമ്മതത്തോടെ എതിർപ്പ് പിൻവലിച്ചു. മേലാൽ വാങ്ങുന്ന ഉപകരണങ്ങൾ സാങ്കേതിക മികവുള്ളതാണെന്ന് ഉറപ്പാക്കുന്നത് ബന്ധപ്പെട്ട കമ്മറ്റിയുടേയോ, പർചേയ്സ് കമ്മറ്റിയുടെയോ പരിശോധനക്ക് ശേഷം മാത്രമേ വാങ്ങാവൂ എന്ന് കമ്മറ്റി നിർദ്ദേശിച്ചു. (13.11.2009)

പാരഗ്രാഫ് 97:

സെക്യൂരിറ്റി നിക്ഷേപം സർവ്വകലാശാല ഫണ്ടിൽ ഒടുക്കിയില്ല

വിശദീകരണം സ്വീകരിച്ച് എതിർപ്പ് പിൻവലിച്ചു. (13.11.2009)

പാരഗ്രാഫ് 98:

ഫോട്ടോ കോപ്പി മെഷ്യൻ വാങ്ങിയത് FSMA കരാറിൽ ഏർപ്പെട്ടത് സർവ്വകലാശാലക്ക് നഷ്ടം ഉണ്ടാക്കി

മറുപടി കമ്മിറ്റി വിശദമായി ചർച്ച ചെയ്തു. മേലാൽ ഇത്തരം അപാകതകൾ ആവർത്തിക്കരുതെന്ന നിർദ്ദേശത്തോടെ എതിർപ്പ് പിൻവലിച്ചു. (13.11.2009)

**ഓണാട്ടുകര മേഖല കാർഷിക ഗവേഷണ കേന്ദ്രം**

പാരഗ്രാഫ് 99 : Construction and repair of Barbed wirefencing in the boundary of farm - payment of cost of barbed wire and labour cost disallowance of Rs. 6718 - reg.

സർവ്വകലാശാല ഭൂമി അതിർത്തി നിർണ്ണയത്തിലുള്ള തർക്കം കയ്യേറ്റം അതാത് പ്രദേശത്തെ ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി കോർപ്പറേഷൻ എന്നീ പ്രാദേശിക ഭരണ കൂടത്തേയും ജന പ്രതിനിധികളുടേയും ശ്രദ്ധയിൽ കൊണ്ടു വരേണ്ടതാണെന്ന് കമ്മിറ്റി നിർദ്ദേശിച്ചു.

മേൽസൂചിപ്പിച്ച ജോലി ചെയ്തതിലെ procedural lapses കമ്മിറ്റി വിലയിരുത്തി.

മേലാൽ ഇത്തരം procedural lapses ഉണ്ടാകരുതെന്ന നിർദ്ദേശത്തോടെ എതിർപ്പ് പിൻവലിച്ചു. (17.1.2011)

***പാരഗ്രാഫ് 100 എ ടു ഇ : Farms own revenue - Expenses compared***

വിശദീകരണം കമ്മറ്റി പരിശോധിച്ചു.

കാലി വളർത്തലടക്കമുള്ള Homestead Farm ന്റെ മാതൃകയായാണ് ഈ സംരംഭം കുറച്ചു വർഷങ്ങൾക്കുമുമ്പേ തുടങ്ങിവെച്ചത് എന്ന് കേന്ദ്രം മേധാവി വിശദീകരിച്ചു.

കർഷകർക്ക് മാതൃകയാക്കേണ്ട പദ്ധതിയാണിത്. നഷ്ടത്തിൽ നടത്തുന്നത് എങ്ങനെ മാതൃകയാക്കാമെന്ന് കമ്മിറ്റി ആരാഞ്ഞു. പ്രത്യക്ഷത്തിൽ തന്നെ സർവ്വകലാശാലക്ക് വളരെ സാമ്പത്തിക നഷ്ടം വരുത്തുന്ന രീതിയിലുള്ള ഇത്തരം സംരംഭങ്ങൾ തുടർന്നു കൊണ്ടുപോകുന്നതിന് യാതൊരു ന്യായീകരണവുമില്ല എന്ന് കമ്മറ്റി അഭിപ്രായപ്പെട്ടു.

ഈ ശുപാർശയോടെ എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ കൊണ്ടുവരേണ്ടതാണ് (17.1.2011)

എഫ് : ഈയിനത്തിൽ വന്ന നഷ്ടം ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കി 30.5.2005 ലെ 29/37181 നമ്പർ രശീതി പ്രകാരം സർവ്വകലാശാല അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്. എതിർപ്പ് പിൻവലിച്ചു. (17.1.2011)

***പാരഗ്രാഫ് 101 Maintenance of Registers and Records***

വിശദീകരണം സ്വീകരിച്ചു. എതിർപ്പ് പിൻവലിച്ചു. (17.1.2011)

KAUP 106/260/08/15